കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# വെമ്പായം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി6/458/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 22. 05.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെമ്പായം ഗ്രാമപഞ്ചായത്ത്
സർ,

വിഷയം : വെമ്പായം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി6/458/2020 തീയതി: 22.05.2020

**<u>തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.09.2018 മുതൽ 10.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ.എം<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.03.2020 മുതൽ<br>18.03.2020 വരെ |

**<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സാബു.ജി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ശാലിനി.വി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി അനിഷ.എസ്.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷിംജി. ജി. | ഓഡിറ്റർ |
| കുമാരി മെർലിൻ ജേക്കബ് | ഓഡിറ്റർ |

**<u>നിർവഹണാധികാരികൾ</u>**

| | പേര് | കാലയളവ് |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി ഷീലജ | 01.04.2018 മുതൽ 01.07.2018 വരെ |
| | ശ്രീമതി സീനത്ത് ബീവി | 02.07.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. തങ്കപ്പൻ.എ. | 01.04.2018 മുതൽ 15.04.2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീമതി വീണ ബാബു.(ചാർജ് ) | 16.04.2018 മുതൽ 19.04.2018 വരെ |
| | ശ്രീ.വിക്രമൻപിള്ള | 20.04.2018 മുതൽ 25.06.2018 വരെ |
| | ശ്രീ.ബിജുകുമാർ.എം | 26.06.2018 മുതൽ 05.07.2018 വരെ |
| | ശ്രീ.റഫീഖ്.ബി. | 06.07.2018 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണോദ്യോഗസ്ഥർ</u>**

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി വീണ ബാബു | 01.04.2018മുതൽ 21.04.2018 വരെ |
| | ശ്രീ.വിദ്യാധരൻ നായർ.ബി. | 22.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ജയകുമാരി.എൽ | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | ഡോ. നിഷ.എം. | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷൈലി.എസ്.രാജ് | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലക്ഷ്മിപ്രിയ.വി.എസ് | 01.04.2018മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.ബോബി.എസ്.മാനവേൽ | 01.04.2018മുതൽ 07.02.2019 വരെ |
| | ഡോ. സ്പിനോല | 08.02.2019മുതൽ 31.03.2019 വരെ |
| വി.ഇ.ഒ.(സർക്കിൾ എ) | ശ്രീമതി ചിത്ര.കെ.ആർ | 01.04.2018മുതൽ 31.03.2019 വരെ |
| വി.ഇ.ഒ.(സർക്കിൾ ബി) | ശ്രീമതി സഫീന.എസ് | 01.04.2018മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. രഞ്ജിത് രാജ്.കെ | 01.04.2018മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ശോഭനകുമാരി | 01.04.2018മുതൽ 31.07.2018 വരെ |
| | ശ്രീമതി ഗീത.ആർ | 01.08.2018മുതൽ 31.03.2019 വരെ |
| എച്ച്.എം. | ശ്രീ. ഷറഫുദ്ദീൻ.ഇ . | 01.04.2018മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി റജീന ജോർജ് | 01.04.2018മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം- 1**<br>**ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ശമ്പള പരിഷ്കരണത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല | 1-12 |
| 13 | ജീവനക്കാരുടെ എസ്.എൽ.ഐ , ജി.ഐ.എസ് പ്രീമിയം ഒടുക്കിയതിലെ കുറവ് | 1-13 |
| 14 | രസീത് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-14 |
| 15 | ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ- നടപടിക്രമങ്ങളിലെ വീഴ്ച | 1-15 |
| 16 | തൊഴിൽ നികുതി -അപാകതകൾ | 1-16 |
| 17 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 18 | സഞ്ചയ പ്രകാരമുള്ള ഡിമാന്റ് - കൃത്യത ഉറപ്പാക്കാനിയിട്ടില്ല | 1-18 |
| 19 | ലേലം - അപാകതകൾ | 1-19 |
| 20 | കെട്ടിടവാടക- അപാകതകൾ | 1-20 |
| 21 | റോഡ് കട്ടിംഗ് ചാർജ്ജ് - വിവരങ്ങൾ സൂക്ഷിക്കുന്നില്ല | 1-21 |
| 22 | യാത്രാ ബത്ത -ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-22 |
| 23 | പദ്ധതി രൂപീകരണം-നിർവ്വഹണം-മോണിറ്ററിംഗ്-ചെലവുരേഖകൾ ലഭ്യമാക്കിയില്ല -43700/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-1194000/- രൂപ തടസ്സം ചെയ്യുന്നു | 1-24 |
| 25 | കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധിക തുക നൽകി | 1-25 |
| 26 | തെരുവു വിളക്ക് മെയിന്റനൻസ്- അപാകതകൾ | 1-26 |
| 27 | തെരുവു വിളക്ക് വാങ്ങൽ- അപാകതകൾ | 1-27 |
| 28 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-28 |
| 29 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി ലഭ്യമാക്കിയില്ല | 1-29 |
| 30 | സർക്കാർ ഉത്തരവിനു വിരുദ്ധമായി റോഡ് പ്രവൃത്തി നടപ്പാക്കി. 52949/- രൂപ നിരാകരിക്കുന്നു | 1-30 |
| 31 | കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല-തുക തടസ്സപ്പെടുത്തുന്നു | 1-31 |
| 32 | ABC പദ്ധതി-ചെലവുരേഖകൾ ഹാജരാക്കണം-2,10,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 33 | ആട്ടുവളർത്തൽ പദ്ധതി(എസ്.സി.പി)-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-33 |
| 34 | വാങ്ങൽ പ്രോജക്ടുകൾക്ക് നടപടിക്രമം പാലിക്കണം | 1-34 |
| 35 | വിതരണ രേഖകൾ ഹാജരാക്കണം-26801/-രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 36 | കാട്ടുവെട്ടുയന്ത്രം-വാങ്ങൽ,വിതരണം എന്നിവയിൽ നടപടിക്രമം | 1-36 |

| | | |
|---|---|---|
| | പാലിച്ചില്ല | |
| 37 | വാഴകൃഷി വികസനം(കദളീവനം)ഗ്രൂപ്പ് മുഖേന- പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-37 |
| 38 | നെൽവിത്ത് -വിതരണരേഖകൾ ഹാജരാക്കണം | 1-38 |
| 39 | ജാഗ്രതാ സമിതി പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ് | 1-39 |
| 40 | അംഗൻവാടികളുടെ പ്രവർത്തനം | 1-40 |
| 41 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അംഗൻവാടി വർക്കേഴ്സിന്റെ അധിക ഹോണറേറിയം അനുവദിച്ചു | 1-41 |
| 42 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പ് -അപാകതകൾ | 1-42 |
| 43 | തുല്യത -തുടർ വിദ്യാഭ്യാസം- രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്- തുക തടസ്സപ്പെടുത്തുന്നു | 1-43 |
| 44 | പ്രവേശനോത്സവം- അപാകതകൾ - 11720/- നിരാകരിക്കുന്നു | 1-44 |
| 45 | സ്കൂളുകളിൽ ഇൻസിനേറ്റർ- അപാകതകൾ | 1-45 |
| 46 | പഠന സൗഹൃദക്കൂട്ടം- രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-46 |
| | **ഭാഗം- 2** | |
| | **വരവിനങ്ങളിലെ നഷ്ടം** | |
| | ഇല്ല | |
| | **ഭാഗം- 3** | |
| | **ചെലവിനങ്ങളിലെ നഷ്ടം** | |
| 47 | കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധിക തുക നൽകി | 3-1 |
| 48 | സർക്കാർ ഉത്തരവിനു വിരുദ്ധമായി റോഡ് പ്രവൃത്തി നടപ്പാക്കി. 52949/-രൂപ രൂപ നിരാകരിക്കുന്നു. | 3-2 |
| 49 | പ്രവേശനോത്സവം- അപാകതകൾ - 11720/- നിരാകരിക്കുന്നു | 3-3 |
| | **ഭാഗം-4**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 50 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 51 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 52 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 53 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 54 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 55 | സ്ഥിര നിക്ഷേപം | 4-6 |
| 56 | ഓഡിറ്റ് റിക്കവറി | 4-7 |
| 57 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 58 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 59 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 60 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 31.03.2018 ലെ കമ്മിറ്റി തീരുമാനം 1(1) പ്രകാരം അംഗീകരിച്ച

**<u>ബജറ്റ് -ന്യൂനതകൾ</u>**

<u>എ)ബജറ്റ് വകയിരുത്തൽ- ചെലവ് സംബന്ധിച്ച അപാകതകൾ</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5) ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്.

2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ / വകയിരുത്താതെ തുക ചെലവഴിക്കുന്നതായും, വകയിരുത്തിയ തുക ചെലവഴിക്കാത്തതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 2501001 | 300000 | 165600 |
| 2 | കൃഷിയും അനുബന്ധ മേഖലകളും - ക്ഷീരവികസനം | 2501005 | 0 | 550000 |
| 3 | കൃഷിയും അനുബന്ധ മേഖലകളും - പച്ചക്കറി | 2501011 | 150000 | 246242 |
| 4 | മൃഗസംരക്ഷണം - പശു വളർത്തൽ | 2501031 | 1400000 | 160000 |
| 5 | മൃഗസംരക്ഷണം - ആട് വളർത്തൽ | 2501032 | 1000000 | 80000 |
| 6 | മൃഗസംരക്ഷണം - കന്നുകുട്ടി പരിപാലനം | 2501034 | 1875000 | 262500 |
| 7 | മൃഗസംരക്ഷണം - മുട്ടകോഴി / താറാവ് വളർത്തൽ | 2501035 | 200000 | 871500 |
| 8 | ക്ഷീരവികസനം - സംഭരണവും വിപണനവും | 2501046 | 500000 | 600000 |
| 10 | ക്ഷീരവികസനം - പശ്ചാത്തല സൗകര്യങ്ങൾ | 2501048 | 0 | 1000000 |
| 11 | ചെറുകിട ജലസേചനം | 2502002 | 0 | 310037 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 12 | മരുന്നുകൾ | 2512004 | 800000 | 1500000 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ 56/18.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) ബജറ്റ് ഫയൽ ഹാജരാക്കിയില്ല.

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ (തീയതി ഉൾപ്പടെ) സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ 05/11.03.2020) ക്ക് മറുപടി ലഭ്യമാക്കുകയോ ബജറ്റ് ഫയൽ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23667149 |
| വരവ് | 149122177 |
| ആകെ | 172789326 |
| ചെലവ് | 112562892 |
| നീക്കിയിരിപ്പ് | 60226434 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 23482741 | 23482741 | 23482741 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4543641 | 4543641 | 4543641 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 341970 | 341970 | 341970 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11368731 | 11368731 | 11368731 | 0 |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 0 | 4440335 | 4440335 | 4440335 | 0 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 14408795 | 14408795 | 14408795 | 0 |
| ബി ഫണ്ട് | 0 | 919340 | 919340 | 919340 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 939 | 605794 | 606733 | 590487 | 16246 |
| SBT-online | 26652 | 19201927 | 19228579 | 1744122 | 17484457 |
| DCB-own fund | 23565893 | 59533 | 23625426 | 21954987 | 1670439 |
| SCB own fund | 1500 | 0 | 1500 | 0 | 1500 |
| ജനറൽ പർപ്പസ് ഫണ്ട് | 629061 | 14356392 | 14985453 | 2085987 | 12899466 |
| KGB relief fund | 3860 | 13609 | 17469 | 0 | 17469 |
| TSB Joint venture | -900000 | 11047656 * | 10147656 | 9193946 | 953710 |
| Kerala Gramin bank | 0 | 28251665 | 28251665 | 1114007 | 27137658 |

*** redemption amount ഉൾപ്പെട്ട തുകയാണ് വരവായി എടുത്തിരിക്കുന്നത്.**

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 263099697 | 123 | 79720506 | 3 | 47 | 72 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 939 | 605794 | 606733 | 590487 * | 16246 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 43569768 | 43569768 | 43569768 | |
| ആകെ | 939 | 44175562 | 44176501 | 441602556 | 16246 |

* AFS പ്രകാരം RP 16 ലെ ചെലവ് 202716 /-രൂപയാണ്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിത വേതനം | 919340 | 480 |
| കർഷകതൊഴിലാളി പെൻഷൻ | 7883200 | 768 |
| വിധവാപെൻഷൻ | 22922400 | 1799 |
| വാർദ്ധക്യകാലപെൻഷൻ | 39146200 | 3044 |
| വികലാംഗപെൻഷൻ | 6319600 | 508 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 448700 | 37 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2020 10.30.A.M. ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 60,702/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

- ട്രേഡേഴ്സ് രജിസ്റ്റർ ,ലൈസൻസ് രജിസ്റ്റർ, മുതലായവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- റെൻറ്റ് രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, ലേല ഡയറി, സോൾവൻസി രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ അനുബന്ധ ഫയലുകൾ മുതലായവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
- കെട്ടിട നിർമ്മാണ പെർമിറ്റ് ,കെട്ടിട നമ്പറിംഗ് ഫയലുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല
- ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സ് തൃപ്തികരമായി പരിപാലിക്കുന്നില്ല. 5.11.2018 ന് ശേഷമുള്ള നാല് യോഗം ചേർന്നതായി തീയതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങളൊന്നും തന്നെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല (പേജ് നം 223-228).
- ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ജൂലൈ മാസത്തിൽ യോഗം ചേർന്നിട്ടില്ല.
- പദ്ധതി ആസൂത്രണത്തിലും മോണിട്ടറിംഗിലും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ കുറച്ചുകൂടി ശ്രദ്ധ പുലർത്തേണ്ടതാണ്
- പ്രൊക്യൂർമെൻറ് കമ്മിറ്റി മിനിട്സ് തൃപ്തികരമായി പരിപാലിക്കുന്നില്ല.
- തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആസ്തി രജിസ്റ്ററിൽ, സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്
- രസീത് ബുക്കുകൾ നൽകൽ- വിവരങ്ങൾ സൂക്ഷിക്കുന്നില്ല.
  വി.ഇ. ഒ നിർവ്വഹിച്ച ഹരിതകർമ്മസേന വയബിലിറ്റി ഫണ്ടുപയോഗിച്ച് 100 രസീത് ബുക്ക് അച്ചടിച്ച് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 5 ഹരിതസേനകളിലെ 42 അംഗങ്ങൾക്ക് (2*42=84 എണ്ണം രസീത് ബുക്ക് )നൽകിയിട്ടുണ്ട്. എന്നാൽ 2018-19 ൽ നൽകിയ ടി രസീത് ബുക്ക് പിരിവ് നടന്നിട്ടുള്ളത് 2019-20 സാമ്പത്തിക വർഷത്തിലാണ്. സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്ക് നമ്പർ, രസീത് കൈപറ്റിയവർ ഉൾപ്പെട്ട ഹരിത കർമ്മസേന വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഉപയോഗിച്ച രസീതുകൾ തിരികെ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഒരാൾക്ക് 2 എന്ന നിലയിൽ രസീത് ബുക്ക് നൽകിയിട്ടുണ്ടെങ്കിലും സമൃദ്ധി എന്നി ഹരിതകർമ്മസേനയ്ക്ക് നൽകിയ 20രസീതുകളിൽ 8 എണ്ണം മാത്രമാണ് നാളിതുവരെ ഉപയോഗിച്ചിട്ടുള്ളത്. ഹരിത കർമ്മസേന പ്രവർത്തനം മോണിറ്റർ ചെയ്യുന്നില്ല (ഓഡിറ്റ് എൻക്വയറി 44).

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.10.2019 മുതൽ 31.10.2019 വരെ | 01.08.2019 മുതൽ 30.09.2019 വരെ | 04.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2015 മുതൽ 04.07.2015 വരെ | 2010-11 മുതൽ 2014-15 വരെ | 13.08.2015 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം./ജി.പി. 6/1411/2019 തീയതി 19.08.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ച അപാകതകൾ കൂടാതെ ഓഡിറ്റിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

**ഓഡിറ്റ് റിക്കവറി ഇനത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തു.**

RP 10 പ്രകാരമുള്ള 18322/-(Recovery from employees) രൂപയിൽ 18263/- രൂപ ജനറേറ്റർ വാങ്ങിയ ഇനത്തിൽ ചെലവായതും 59/ രൂപ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് അടവാക്കിയതുമാണ്.

# 1-12 ശമ്പള പരിഷ്കരണത്തിന് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് കാലാകാലങ്ങളിൽ ലഭിക്കുന്ന ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അംഗീകരിക്കണമെന്നിരിക്കെ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ ശമ്പള പരിഷ്കരണം അംഗീകരിച്ചിട്ടില്ല.

| ക്രമ നം. | പേര്,തസ്തിക | സേവനത്തിൽ പ്രവേശിച്ച തീയതി | ശമ്പളപരിഷ്കരണം അംഗീകരിച്ചത് |
|---|---|---|---|
| 1 | ശ്രീ.സുരേഷ്ബാബു.എസ്. അസി.സെക്രട്ടറി | 22.05.2000 | 2009 വരെയുള്ള ശമ്പള പരിഷ്കരണങ്ങൾ മാത്രമേ അംഗീകരിച്ചുള്ളൂ. |
| 2 | ശ്രീമതി.ശ്യാമളകുമാരിഅമ്മ., പി.റ്റി.എസ്. | 09.10.2009 | 2014 ശമ്പള പരിഷ്കരണം അംഗീകരിച്ചിട്ടില്ല. |

മേൽ ജീവനക്കാരുടെ തുടർന്നുള്ള ശമ്പള പരിഷ്കരണങ്ങൾക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനായി സേവനപുസ്തകങ്ങൾ ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

# 1-13 ജീവനക്കാരുടെ എസ്.എൽ.ഐ , ജി.ഐ.എസ് പ്രീമിയം ഒടുക്കിയതില കുറവ്

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും G.O (P) 149/16 /Fin dated 4.10.2016, G.O (P).112/2016/ Fin dated 01.08.2016 ഉത്തരവിനനുസൃതമായി അടിസ്ഥാന ശമ്പളത്തിനും ശമ്പള സ്കെയിലിനും ആനുപാതികമായല്ല എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം ഈടാക്കിയിരിക്കുന്നത്. ഉദാഹരണമായി 2017 മാർച്ച് മാസത്തെ എസ് .എൽ.ഐ പ്രീമിയം ഈടാക്കിയതിൽ (വൗച്ചർ നം. 21800022/4.4.18)താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും കുറവായാണ് തുക ഈടാക്കിയത്.

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | അടിസ്ഥാനശമ്പളം | ഒടുക്കേണ്ട കുറഞ്ഞ തുക | ഒടുക്കിയത് | കുറവ് |
|---|---|---|---|---|
| വീണാ ബാബു (അസി.സെക്രട്ടറി) | 41500 | 600 | 200 | 400 |
| മധു കുമാരൻ നായർ (സീനിയർ ക്ലർക്ക്) | 34800 | 300 | 250 | 50 |
| ഷീനാമോൾ. എസ് സീനിയർ ക്ലർക്ക് | 29900 | 300 | 250 | 50 |
| കുമാരി ബീന.ബി ക്ലർക്ക് | 32300 | 300 | 250 | 50 |
| തങ്കപ്പൻ. എ സെക്രട്ടറി | 50400 | 500 | - | 500 |

2017 മാർച്ച് മാസത്തെ ജി.ഐ.എസ് പ്രീമിയം ഈടാക്കിയതിൽ (വൗച്ചർ നം. 21800002/3.4.18)താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും കുറവായാണ് തുക ഈടാക്കിയത്.

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശമ്പള നിരക്ക് | ഒടുക്കേണ്ട കുറഞ്ഞ തുക | ഒടുക്കിയത് | കുറവ് |
|---|---|---|---|---|
| മധുകുമാരൻ നായർ, സീനിയർ ക്ലർക്ക് | 25200-54000 | 400* | 200 | 200 |

*17000-37500 മുതൽ 37500-75600 വരെ ശമ്പള നിരക്കുള്ളവർ ഒടുക്കേണ്ട കുറഞ്ഞ തുക 400/- രൂപയാണ്

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 50 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-14 രസീത് ബുക്ക് പരിപാലനത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) സാംഖ്യാ രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

| ക്രമ നം. | രസീത് നമ്പർ തീയതി | ഇനം | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 118030107695 01.02.2019 | എസ്.അനിൽകുമാർ പ്രോപ്പർട്ടി ടാക്സ് | 562 | തുക ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. |
| 2 | 118030500056 01.03.2019 | എക്സിക്യൂട്ടീവ് എൻജിനീയർ | 6038 | തുക ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടു ണ്ടെങ്കിലും രസീത് പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. |
| 3 | 118030106344 13.12.2018 | രതീഷ്/അർച്ചന പ്രോപ്പർട്ടി ടാക്സ് | 1558 | തുക 13.12.2018 ൽ പ്രിന്റർ തകരാറു കാരണം ക്യാൻസൽ ചെയ്തിരിക്കുന്നു. എന്നാൽ ലഭ്യമാക്കിയിരിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | രസീതിലെ പ്രിന്റിൽ തകരാർ ഒന്നും കാണുന്നില്ല. |

മേൽപ്പറഞ്ഞ അപാകങ്ങളുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/13.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) മാന്വൽ രസീത് ബുക്കുകൾ/ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | മാന്വൽ രസീത് ബുക്ക് നമ്പർ | റിമാർക്ക്സ് |
|---|---|---|
| 1 | 21955,46195,46196,46197,46198,46201, 46204,46205,46206,46207,46208, 46209, 46210,46211,46212,46213,46215, 46216,46217,46219,46222,46225,46226, 46228,46229,46234,46239,46240, 46242,46243,46244,7610,7611,7614, 7615,7616, 7617 | രസീതുബുക്കുകളും ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് റിക്വസിഷൻ 5 ന മറുപടി നൽകിയിട്ടില്ല. |
| 2 | 21954, 21957, 21958, 46199,46200, 46202, 46203,46214,46218,46220, 46221,46223, 46224,46227,46229, 46230,46231,46232, 46233,46235,46236, 46237,46238,46241, 7612,7613 | രസീതുബുക്കുകളുടെ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് റിക്വസിഷൻ 5 ന മറുപടി നൽകിയിട്ടില്ല. |

രസീതുബുക്കുകളുടെ വിതരണത്തിലെ കൃത്യത പരിശോധിക്കുന്നതിനായി രസീതുബുക്കുകൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാഷ്യൽ കോഡ് (വാല്യം 1) ആർട്ടിക്കൾ 90 (ബി) യിലെ കുറിപ്പ് 2 പ്രകാരം രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്ക് ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, ഉപയോഗം പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

# 1-15 ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് നൽകൽ- നടപടിക്രമങ്ങളിലെ വീഴ്ച

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധമായ അപേക്ഷകളുടെയും രജിസ്റ്ററുകളുടെയും പരിശോധയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ലൈസൻസ് സമയബന്ധിതമായി പുതുക്കുന്നില്ല

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പ് ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്.

പ്രവർത്തിക്കാനാവശ്യമായ ലൈസൻസ്, നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

എന്നാൽ 2018-2019 സാമ്പത്തിക വർഷത്തിൽ അപേക്ഷകർ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന 80%-ത്തിലധികം അപേക്ഷകൾ മേൽ പരാമർശിച്ച സമയ പരിധിക്കുള്ളിൽ സമർപ്പിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്, സ്ഥാപനം | ലൈസൻസ് പുതുക്കി നൽകാൻ അപേക്ഷിച്ച തീയതി |
|---|---|---|
| 1 | ഷാജഹാൻ, അസ്മി ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്. | 04.06.2018 |
| 2 | ഷാജി എം, ക്രിസ്തു മാതാ ഇൻഡസ്ട്രീസ് | 08.06.2018 |
| 3 | ജയൻ ആർ, തിരുവാതിര സ്റ്റോഴ്സ് | 11.06.2018 |
| 4 | വിഷ്ണു സി.ജെ നായർ, വിഷ്ണു ടയർ &ബാറ്ററി സർവ്വീസ് | 14.05.2018 |
| 5 | ഷമീനാബീവി ആർ, പലവ്യഞ്ജനക്കട | 05.07.2018 |
| 6 | റുബീഷ് മുഹമ്മദ് പി.ബി, വെസ്റ്റേൺ ഏജൻസീസ് | 23.05.2018 |
| 7 | ബദറുദ്ദീൻ. ഫ്രൈസ് ബേക്കറി | 26.05.2018 |
| 8 | സുരേന്ദ്രൻ, പലവ്യഞ്ജനക്കട | 05.06.2018 |
| 9 | എ.അഷറഫ്, മെഹറാജ് റ്റീ സ്റ്റാൾ | 30.05.2018 |
| 10 | അനിത എ.ആർ, അനന്തപുരി സ്റ്റോർ | 01.06.2018 |
| 11 | എം.ഹാജ, എം.എസ് ടിമ്പേഴ്സ് | 14.05.2018 |
| 12 | അംബിക ജെ, ചന്ദന ബ്യൂട്ടീക് | 05.06.2018 |

<u>ബി) സ്ഥലപരിശോധന റിപ്പോർട്ടുകൾ അപൂർണ്ണം</u>

ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ സ്ഥല പരിശോധന നടത്തി വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ല എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണോയെന്നും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്നും അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ സ്വീകരിച്ചിരിക്കുന്ന എല്ലാ അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, വിറ്റു വരവ് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താത്ത അപേക്ഷകളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്, സ്ഥാപനം |
|---|---|
| 1 | ബദറുദ്ദീൻ. ഫ്രൈസ് ബേക്കറി |
| 2 | സുരേന്ദ്രൻ, പലവ്യഞ്ജനക്കട |

| | |
|---|---|
| 3 | മുഹമ്മദ് ഹാഷീം, സഫാ ഫ്ലവർ മിൽ |
| 4 | ഷജിൽ എ, അൽ-സാബിത്ത് ബേക്കറി & സ്റ്റേഷനറി |
| 5 | അർഷാദി അലി അഷറഫ്, ഐ ഡി ഓട്ടോമൊബൈൽസ് |

വിറ്റു വരവ് രേഖപ്പെടുത്താത്ത അപേക്ഷകളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം |
|---|---|
| 1 | ഷാജഹാൻ, അസ്മി ഇന്റർനാഷണൽ പ്രൈ. ലി. |
| 2 | സജീർ എം എസ്, ക്ലൂട്ടുകാരൻ ട്രാൻസ്പോർട്ട് |
| 3 | രമണി ആർ, ക്രിസ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് കുറ്റിയാണി |
| 4 | ഷാജി എം, ക്രിസ്തു മാതാ ഇൻഡസ്ട്രീസ് |
| 5 | ഗോപകുമാർ ടി, ഗോപകുമാർ സ്റ്റോഴ്സ് |

അപേക്ഷകളോടൊപ്പം നൽകിയിരിക്കുന്ന വിവിധ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതിനു ശേഷം പുതിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കി അപേക്ഷകളോടൊപ്പം സൂക്ഷിക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്, സ്ഥാപനം | സർട്ടിഫിക്കറ്റിന്റെ കാലാവധി |
|---|---|---|
| 1 | എസ് വിക്രമൻപിള്ള, രേവതി ഫ്ലവർ മിൽ & ഓയിൽ മിൽ | 30.09.2018<br>കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 2 | അബ്ദുൾ ഗഫൂർ, പവർ ലോൺട്രി നടത്തുന്നതിന് | 30.11.2018<br>കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 3 | ജി ബാലചന്ദ്രൻ നായർ, ശ്രീ ദുർഗ്ഗാ ടയേഴ്സ് | 30.11.2018<br>കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 4 | പ്രാൺ ഐ ബി, ബാലകൃഷ്ണാ സോമിൽ & വുഡ് ഇൻഡസ്ട്രീസ് | 30.06.2018<br>കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 5 | സജിത്ത് കുമാർ ഡി, അൻസി ഫർണീച്ചർ മാർട്ട് | 29.09.2018<br>ലൈസൻസ് ഫോർ സോ മിൽ ഓർ അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ് |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/16.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>സി) റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.</u>

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആകെ റേഷൻ കടകളുടെ എണ്ണം എത്രയെന്നും ഇവയിൽ എത്ര സ്ഥാപനങ്ങൾക്ക് 2018-2019 സാമ്പത്തിക വർഷം ലൈസൻസ് നൽകിയിട്ടുണ്ടെന്നും സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (6/11.03.2020)മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഡി) ട്യൂട്ടോറിയൽ, സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് പരിശോധന സാധ്യമായില്ല.</u>

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആകെ ട്യൂട്ടോറിയൽ, സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്നും ഇവയിൽ എത്ര സ്ഥാപനങ്ങൾ 2018-2019 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ട് / ലൈസൻസ് എടുത്തിട്ടുണ്ട് എന്നും സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (11/11.03.2020) മറുപടിയും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല.

<u>ഇ) ലൈസൻസ് ഫീസ്-മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നില്ല.</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ റൂൾ2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികമാകാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ **286**അപേക്ഷകരിൽ നിന്നായി **220735/-** രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡ പ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/13.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നികുതി നിർണ്ണയം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>എഫ്) ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നില്ല</u>

ലഭ്യമാക്കിയിരിക്കുന്ന 2018- 2019 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 270 പേരാണ് ഉള്ളത്. എന്നാൽ 2018-2019 ലൈസൻസ് രജിസ്റ്ററിൽ ആകെ 286 പേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/13.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ വാർഡിന്റെയും ചുമതലയുള്ള ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും

ലൈസൻസോട്ടുകൂടി മാത്രം പ്രവർത്തിക്കുന്നുവെന്നുറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വരവിൽ ചോർച്ച ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-16 തൊഴിൽ നികുതി -അപാകതകൾ

എ) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 (ബി) വകുപ്പ് പ്രകാരം നികുതിക്ക് വിധേയരായവരുടെ പട്ടിക സമർപ്പിക്കാൻ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

ബി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 (സി) വകുപ്പ് പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ നികുതിക്ക് വിധേയരായവരുടെ പട്ടിക സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്

സി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 (ഇ) വകുപ്പ് പ്രകാരം ഓരോ വർഷവും ഏപ്രിലിൽ സ്ഥാപനങ്ങളുടെ പേരു നല്കുന്നതിന് ഓഫീസ് മേധാവിയോടും തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

ഡി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 (എഫ്) വകുപ്പ് പ്രകാരം ഓരോ വർഷവും മേയിലും നവംബറിലും ഓഫീസ് മേധാവിയോട് ആ സ്ഥാപനത്തിൽ തൊഴിൽനികുതി അടക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി തിട്ടപ്പെടുത്താൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

വെമ്പായം ഗ്രാമപഞ്ചായത്തിൽ 2018-2019 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടച്ചതായി പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | തുക |
|---|---|---|---|
| 1 | ഫാൽക്കൺ സെക്യൂരിറ്റി സർവ്വീസസ് | 1 & 2 | തൊഴിലുടമ നൽകുന്ന ലിസ്റ്റിനു അനുസൃതമായി |
| 2 | സെവൻത് ഡേ അഡ്വാന്റിലിസ്റ്റ് | 1 & 2 | തൊഴിലുടമ നൽകുന്ന ലിസ്റ്റിനു അനുസൃതമായി |
| 3 | കാതോലിക് സിറിയൻ ബാങ്ക്, തേക്കട | 1 & 2 | തൊഴിലുടമ നൽകുന്ന ലിസ്റ്റിനു അനുസൃതമായി |
| 4 | മിഷൻ ഹോസ്പിറ്റൽ, പോത്തൻകോട് | 1 & 2 | തൊഴിലുടമ നൽകുന്ന ലിസ്റ്റിനു അനുസൃതമായി |
| 5 | MGNREGS,വെമ്പായം | 1 & 2 | 4250 |
| 6 | എം.ജി.എം. സ്കൂൾ | 1 & 2 | തൊഴിലുടമ നൽകുന്ന ലിസ്റ്റിനു അനുസൃതമായി |
| 7 | ഹോളി ക്രോസ് ഇംഗ്ലീഷ് സ്കൂൾ , വട്ടപ്പാറ | 1 | തൊഴിലുടമ നൽകുന്ന ലിസ്റ്റിനു അനുസൃതമായി |
| 8 | പി.എം.എസ് കോളേജ് ഓഫ് ഡെന്റൽ | 1 & 2 | 141810 |

| | | | |
|---|---|---|---|
| | സയൻസ് ആന്റ് റിസർച്ച്, വട്ടപ്പാറ | | |
| 9 | ലൂർദ് മൗണ്ട് സ്കൂൾ, വട്ടപ്പാറ | 1 | 50290 |
| 10 | ഗവ. എൽ പി എസ്, നന്നാട്ടുകാവ് | 1 | 5750 |
| 11 | ഗവ. എൽ പി എസ്, പുങ്കംമൂട് | 1 | 3550 |
| 12 | ഷാലോം സ്പെഷ്യൽ സ്കൂൾ, വട്ടപ്പാറ | 1 | 5940 |
| 13 | പോലീസ് സ്റ്റേഷൻ, വട്ടപ്പാറ | 1 | 39500 |
| 14 | പോത്തൻകോട് പി ഓ | 2 | 750 |
| 15 | ഗവ. എൽ പി എസ്, തേക്കട | 1 | 7000 |
| 16 | ജി യു പി എസ്, കൊഞ്ചിറ | 2 | 35050 |
| 17 | കമ്മൂണിറ്റി ഹെൽത്ത് സെന്റർ, കന്യാകുളങ്ങര | 1 & 2 | 16250 |
| 18 | അസിസ്റ്റന്റ് എൻജിനീയർ, എൽ എസ് ജി ഡി | 1 & 2 | 3750 |
| 19 | പാലിയം ഇൻഡ്യാ ട്രസ്റ്റ് | 1 | 60230 |
| 20 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | 1 | 4530 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 വകുപ്പ് പ്രകാരം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ പഞ്ചായത്ത് സ്വീകരിച്ച നടപടി ക്രമങ്ങളുടെ വിശദാംശങ്ങളും അനുബന്ധ രേഖകളും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ 31/16.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സഞ്ചയ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിൽ 10 ആഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിരിക്കുന്ന സ്ഥാപനതൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഡോർ നമ്പർ |
|---|---|---|
| 1 | മജ് ലിസുൽ ഇജബ കൾച്ചറൽ സെന്റർ | 1/192/A |
| 2 | ജലീൽ കോട്ടേജ് | 6/868/A |
| 3 | ജലീൽ മൻസിൽ | 6/872/A |
| 4 | ഗാലക്സി | 11/136/A |
| 5 | ദാമോദര വിലാസം | 13/352/ |
| 6 | അനുഗ്രഹ ഓഡിറ്റോറിയം | 13/415/ |
| 7 | കൊഞ്ചിറ മുടിപ്പുര ദേവി ക്ഷേത്രം | 18/14/A |
| 8 | സെന്റ് ജോർജ് ചർച്ച് | 18/183/A |

പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരങ്ങളും (അപേക്ഷ, അനുവദിച്ച ലൈസൻസിന്റെ പകർപ്പ് )സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെയും വിശദാംശങ്ങൾ

അനുബന്ധരേഖകളോപ്പം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ 32/16.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് എന്ന സ്ഥാപനം ഇപ്രകാരം നിശ്ചിത മാതൃകയിലല്ല സമർപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഈടാക്കിയ തൊഴിൽനികുതിയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ 31/16.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സി) സ്ഥാപന തൊഴിൽ നികുതി സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 (2) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും, നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. എന്നാൽ ലഭ്യമാക്കിയിരിക്കുന്ന രജിസ്റ്റർ പ്രകാരം 90% - ത്തിൽ അധികം സ്ഥാപനങ്ങളും നികുതി ഈ സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | രജിസ്റ്റർ പ്രകാരം നികുതി ഒടുക്കിയ തീയതി |
|---|---|---|---|
| 1 | പാലിയം ഇൻഡ്യാ ട്രസ്റ്റ് | 2 | 01.03.2019 |
| 2 | മുത്തൂററ് മൈക്രോഫിൻ ലിമിറ്റഡ് | 1 | 12.09.2018 |
| 3 | മുത്തൂററ് മൈക്രോഫിൻ ലിമിറ്റഡ് | 2 | 05.03.2019 |
| 4 | ആയുർവേദ ഡിസ്പെൻസറി | 1 | 19.09.2018 |
| 5 | കൃഷി ഭവൻ | 1 | 12.09.2018 |
| 6 | കൃഷി ഭവൻ | 2 | 06.03.2019 |
| 7 | ഗവ. ഹോമിയോ ഡിസ്പെൻസറി, വെമ്പായം | 1 | 19.09.2018 |
| 8 | ജി എൽ പി എസ്, ചീരാണിക്കര | 1 | 03.10.2018 |
| 9 | ജി എൽ പി എസ്, ചീരാണിക്കര | 2 | 01..03.2019 |
| 10 | ജി യു പി എസ്, കൊഞ്ചിറ | 2 | 01.03.2019 |

ഇപ്രകാരം സ്ഥാപനതൊഴിൽ നികുതി സമയബന്ധിതമായി അടയ്ക്കുന്നതിൽ 2018-2019 സാമ്പത്തിക വർഷത്തിൽ വീഴ്ച വരുത്തിയ എല്ലാ സ്ഥാപനങ്ങൾക്കും എതിരെ സെക്രട്ടറി 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 കെ പ്രകാരം സ്വീകരിച്ച നടപടി ക്രമങ്ങളെപ്പറ്റിയുള്ള

വിശദാംശങ്ങളും സ്ഥാപനങ്ങളുടെ പട്ടികയും അനുബന്ധ രേഖകളും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ 31/16.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡി) സ്ഥാപന തൊഴിൽ നികുതി - രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ ഗ്രാമപഞ്ചായത്ത് കാലികമാക്കി സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെവിവരങ്ങൾ കൃത്യമായും രേഖപ്പെടുത്താത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനും വാർഷിക കണക്കുകളിലെ തുകയുടെ ആധികാരികത പരിശോധിക്കാനും ഓഡിറ്റിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ 31/16.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ) സ്ഥാപനതൊഴിൽ നികുതി ഒടുക്കിയതിലുള്ള അപാകതകൾ

| ക്രമ നം. | അപാകത | റിമാർക്ക്സ് |
|---|---|---|
| 1 | വെമ്പായം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ 2018-2019 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷ സ്ഥാപനതൊഴിൽ നികുതി 16750/- രൂപ, ലഭ്യമാക്കിയിരിക്കുന്ന രജിസ്റ്റർ പ്രകാരം 02.03.2019 ൽ ഒടുക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുക ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. | ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ 31/16.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2 | വെറ്റിനറി ഹോസ്പിറ്റലിൽ നിന്നും ലഭിച്ച ഓഫീസ് മേധാവിയുടെ ലിസ്റ്റ് പ്രകാരം ലഭിക്കേണ്ട തുക 6850/- രൂപ ആണ്. എന്നാൽ രണ്ടു അർദ്ധവാർഷികത്തിലും രജിസ്റ്റർ പ്രകാരം 6700/-രൂപ മാത്രമാണ് ഒടുക്ക് വരുത്തിയിരിക്കുന്നത്. | |

വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ അപാകതകൾ പരിശോധിച്ച് പരിഹാരം ഉറപ്പുവരുത്തേണ്ടതാണ്. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടെന്നും നികുതി പൂർണ്ണമായും പിരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആകെ റേഷൻകടകളുടെ എണ്ണം എത്രയെന്നും മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.6/11.03.2020) മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ റേഷൻ കടകളിൽ നിന്നുംതൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ആധികാരികത

പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ലെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 സഞ്ചയ പ്രകാരമുള്ള ഡിമാന്റ് - കൃത്യത ഉറപ്പാക്കാനിയിട്ടില്ല.

എ)വസ്തു നികുതി - രേഖകൾ ലഭ്യമാക്കിയിട്ടില്ല-

2018-19 ലെ വസ്തു നികുതി നിർണ്ണയ അപേക്ഷകൾ സ്വീകരിച്ച നടപടികൾ എന്നിവ പരിശോധിക്കുന്നതിലേയ്ക്കായി ഓഡിറ്റ് റിക്വിസിഷൻ 2 പ്രകാരം വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട വിജ്ഞാപനം, നമ്പറിംഗ് ഫയലുകൾ എന്നിവ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഇത് പ്രകാരം 2018-19 ലെ നമ്പറിംഗ് അപേക്ഷകളിന്മേൽ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണയം ചട്ട പ്രകാരമാണെന്ന് ഉറപ്പാക്കുന്നതിനോ കൃത്യമായ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 28 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെങ്കിലും ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. സഞ്ചയ പ്രകാരം 2018-19 ൽ ഗ്രാമ പഞ്ചായത്ത് നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ മുഴുവൻ ഫയലുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

ബി) വസ്തു നികുതി - ഡിമാന്റിൽ നിന്നും ഒഴിവാക്കൽ- രേഖകൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക I 18 പ്രകാരം താഴെ പറയുന്ന തുകകൾ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

property tax on residential building -102072/-

property tax on non residential building 674680/-

ഡിമാന്റിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 51). 7.6.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3-ാം തീരുമാന പ്രകാരം കരം ഒഴിവാക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് നടപടികൾ പൂർത്തിയാക്കുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും കരം ഒഴിവാക്കുന്നതിനുള്ള അപേക്ഷകൾ ,തുടർ നടപടികൾ സ്വീകരിച്ചതിന്റെ ഫയലുകൾ എന്നിവ ഓഡിറ്റ് എൻക്വയറി 53 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി ഡിമാന്റിൽനിന്നും തുക ഒഴിവാക്കിയത് ചട്ടപ്രകാരമാണോ എന്ന് ഓഡിറ്റിന് ഉറപ്പാക്കാനായിട്ടില്ല. 2018-19 ൽ കരം ഒഴിവാക്കി നൽകിയതിന്റെ വിശദാംശങ്ങൾ I 18 പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സി) അനധികൃത നിർമ്മാണം- രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല- നികുതി വരവിൽ കുറവുണ്ടാകാൻ സാദ്ധ്യത

അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരമുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| കെട്ടിട നം. | ഉടമ | രജിസ്റ്ററിൽ രേഖപ്പെടുത്തിയ തീയതി | വിസ്തീർണം | വസ്തു നികുതി (ഫൈനൽപ്പെടെ) |
|---|---|---|---|---|
| 1/547 | രവി | 31.10.2016 | 30 (പാർപ്പിടാവശ്യം) | രേഖപ്പെടുത്തിയിട്ടില്ല |
| 8/397A | മുഹമ്മദ്ഷാം | 9.3.2017 | 12.68(വാണിജ്യാവശ്യം) | 2094 |

| | | | | |
|---|---|---|---|---|
| 8/397B | | | 12.68(വാണിജ്യാവശ്യം) | 2094 |
| 8/397C | | | 12.68(വാണിജ്യാവശ്യം) | 2094 |
| 8/397D | | | രേഖപ്പെടുത്തിയിട്ടില്ല (പാർപ്പിടാവശ്യം) | 624 |
| 3/487 A | സുധ കൊഞ്ചിറ | 10.3.16 | 80.73(പാർപ്പിടാവശ്യം) | 1212 |
| 13/199 | റോസമ്മ& വിമൽ കുമാർ | 2.11.17 | 34.09(പാർപ്പിടാവശ്യം) | 459 |

ഈ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി, അനധികൃത നിർമ്മാണത്തിന്മേലുള്ള തുടർ നടപടിഫയലുകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 28ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി ഡിമാന്റിൽ കുറവുണ്ടായിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്. പഞ്ചായത്തിന് ലഭിക്കേണ്ട വരവ് പൂർണമായും ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അതിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുഭരണം കണക്കുകൾ സൂക്ഷിക്കൽ വർക്കിംഗ് ഗ്രൂപ്പിന്റെയും ഇടപെടൽ അനിവാര്യമാണ്.

## 1-19 ലേലം - അപാകതകൾ

2018-2019 വാർഷിക ധനകാര്യ പത്രിക പ്രകാരം ലേലയിനത്തിൽ 4000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവിശ്യമായ ലേല പരസ്യം, ലേല ഡയറി, എഗ്രിമെന്റ്, സോൾവൻസി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ ലേല രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരമുള്ള തുക ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | ലേല തുക | തീയതി/ സമയം |
|---|---|---|---|
| 1 | കണക്കോട് മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് | 8000 | 20.03.2019/ 11 മണി |
| 2 | കാന്റീൻ | 2200 | |
| 3 | തേക്കട അംഗൻവാടി/അയിത്രപ്പാറ മാർക്കറ്റ് ഫലവൃക്ഷങ്ങളുടെ ആദായം | 650 | |
| ആകെ | | 10850 | |

ഈ തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ 33/16.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതും തുക AFS മായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-20 കെട്ടിടവാടക- അപാകതകൾ

| ക്രമ നം. | അപാകത | റിമാർക്ക്സ് |
|---|---|---|
| 1 | 2018-2019 വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടവാടക ഇനത്തിൽ ആകെ 404062/- രൂപ വരവ് വന്നിട്ട് ഉണ്ട്. എന്നാൽ പ്രസ്തുത തുകയുടെ ആധികാരികത | ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ |

| | | |
|---|---|---|
| | പരിശോധിക്കുന്നതിനായി യാതൊരു അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല. രജിസ്റ്റർ, എഗ്രീമെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 38/16.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2 | പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള സ്ഥാവരജംഗമവസ്തുക്കളിൽ നിന്നുള്ള വാടകയിനത്തിൽ 13500/രൂപ 2018-2019 വാർഷിക ധനകാര്യപത്രിക പ്രകാരം വരവ് ഉണ്ട്. പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിട്ടില്ല. | |

വിശദമായ മറുപടി അനുബന്ധരേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

# 1-21 റോഡ് കട്ടിംഗ് ചാർജ്ജ് - വിവരങ്ങൾ സൂക്ഷിക്കുന്നില്ല.

വെമ്പായം ഗ്രാമ പഞ്ചായത്തിൽ റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ 367037/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും ഈ ഇനത്തിലെ വരവ് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ റീ സ്റ്റോർ ചെയ്യാൻ നിലനിൽക്കുന്ന റോഡുകളുടെ വിവരവും ലഭ്യമല്ല. ഈ ഇനത്തിൽ ലഭിച്ച തുക ഏത് റോഡ് മുറിക്കുന്നതിനാണെന്ന വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (29/13.03.20) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും പഞ്ചായത്ത് റോഡ് മുറിക്കുന്നതിന്റെയും റീ സ്റ്റോർ ചെയ്യുന്നതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

# 1-22 യാത്രാ ബത്ത -ചട്ടങ്ങൾ പാലിക്കേണ്ടതാണ്

മാർച്ച് മാസത്തെ വൗച്ചർ പരിശോധിച്ചത് പ്രകാരം യാത്രാ ബത്ത ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ താഴെ പറയും പ്രകാരം തുക ചെലവായിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | യാത്രാ ബത്ത കൈപറ്റിയത് |
|---|---|---|
| 21801377/31.3.2019 | 104814 | ജീവനക്കാർ |
| 21801378/31.3.2019 | 24952 | സെക്രട്ടറി |
| 21801076/18.3.19 | 12000 | പ്രസിഡന്റ് |
| 21801077/18.3.19 | 12000 | വൈസ് പ്രസിഡന്റ് |
| 21801078/18.3.19 | 40420 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| 21801079/18.3.19 | 121500 | മെമ്പർമാർ |

**യാത്രാ ബത്ത വൗച്ചർ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന അപാകതകൾകാണുന്നു**

1.കേരള സർവീസ് ചട്ടങ്ങൾ ഭാഗം രണ്ട് പ്രകാരം ആസ്ഥാനത്തിന് വെളിയിലുള്ള താമസം ആറുമണിക്കൂറിൽ അധികരിക്കുന്നില്ലെങ്കിൽ ദിനബത്ത നൽകേണ്ടതില്ല എന്നും, ആറുമണിക്കൂറിനും പന്ത്രണ്ടു മണിക്കൂറിനും ഇടയിലാണെങ്കിൽ ദിനബത്തയുടെ പകുതി നൽകാവുന്നതും, പന്ത്രണ്ടു മണിക്കൂറിനു മുകളിലാണെങ്കിൽ ഒരു ദിനബത്ത നൽകാവുന്നതുമാണെന്നുമുണ്ട്. എന്നാൽ മേൽപറഞ്ഞ ചട്ടങ്ങൾ പാലിക്കാതെയാണ് ബത്ത നൽകിയിട്ടുള്ളത്.

2. 1995ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ) ചട്ടങ്ങളിലെ റൂൾ 7 പ്രകാരം സർക്കാരോ അധികാരപ്പെട്ട ഉദ്യോഗസ്ഥനോ വിളിച്ചു കൂട്ടിയ യോഗങ്ങളിലോ പരിശീലന പരിപാടികളിലോ പങ്കെടുക്കുവാൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള യാത്രകൾക്ക് ബത്ത നൽകാനാവും. കൂടാതെ പഞ്ചായത്ത് യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം

പാസ്സാക്കിപ്രമേയം മൂലം നടത്തിയ യാത്രക്കും പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി ജില്ലാ ആസ്ഥാനത്തേക്കോ,ബ്ലോക്ക് ആസ്ഥാനത്തേക്കോ നടത്തിയ യാത്രകൾക്കും ബത്ത നൽകാനാവും. എന്നാൽ ഇത്തരത്തിൽ യാത്രാബത്ത നൽകിയ സംഗതികളിൽ വൗച്ചറിനോടൊപ്പം അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെ യാത്രാ ബത്തയിലും അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. യാത്രാ ബത്ത ചട്ട പ്രകാരം മാത്രം അനുവദിക്കുവാൻ സ്ഥാപനാധികാരി ശ്രദ്ധിക്കേണ്ടതാണ്.

# 1-23 പദ്ധതി രൂപീകരണം-നിർവ്വഹണം-മോണിറ്ററിംഗ്-ചെലവുരേഖകൾ ലഭ്യമാക്കിയില്ല -43700/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 60/19

പേര് - പദ്ധതി രൂപീകരണം-നിർവ്വഹണം-മോണിറ്ററിംഗ്

അടങ്കൽ - തനത്ഫണ്ട് 300000

ചെലവ്- 43700(എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)(ചെക്ക് നം. തീയതി എന്നിവ ലഭ്യമാക്കിയിട്ടില്ല)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2018-19 വർഷത്തെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയിൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 43700/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ ഓഡിറ്റ് റിക്വസിഷൻ നം.4 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന 43700/രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-24 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-1194000/- രൂപ തടസ്സം ചെയ്യുന്നു

2018-19 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വാട്ടർ അതോറിറ്റിയിൽ നടത്തിയ താഴെപ്പറയുന്ന നിക്ഷേപ്രവൃത്തികളിൽ വിനിയോഗസാക്ഷ്യപത്രം, പെർഫോമൻസ് റിപ്പോർട്ട്, ഫൈനൽ ബിൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| ക്രമ നം. | പ്രോജക്ട് നം, പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 1 | വഴയ്ക്കാട് പള്ളിമുക്ക് കുന്നിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 194000 | ബിൽ നം. 16/21.12.2018-194000 |
| 2 | എസ്.സി കോളനികളിൽ കുടിവെള്ള പദ്ധതി | വികസനഫണ്ട് (എസ്.സി.പി) 1000000 | ബിൽ നം. 15/5.12.2018-133000<br>ബിൽ നം. 18/21.1.2019-867000 ( ഇടുക്കുംതല എസ്.സി കോളനിയുടെ ഫീസിബിലിറ്റി |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല). |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 40 ന് മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച 1194000/- രൂപ തടസ്സം ചെയ്യുന്നു. പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

# 1-25 കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധിക തുക നൽകി

കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധികം തുക നൽകി. വിശദാംശം ഖണ്ഡിക 3.1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-26 തെരുവു വിളക്ക് മെയിന്റനൻസ്- അപാകതകൾ

പ്രോജക്ട് നം. - 61/19

പേര് - സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് കരാർ ജീവനക്കാരുടെ വേതനം

അടങ്കൽ - തനത്ഫണ്ട് 300000

ചെലവ്- ചെക്ക് നം. 2263126/5.5.2018-14700

2263127/5.5.2018-14700

2263128/5.5.2018-19950

2263131/1.6.2018-14700

2263132/1.6.18-14700

226133/1.6.18- 19950

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1. ലഭ്യമാക്കിയ ചെലവു രേഖകൾ പ്രകാരം 98700/- രൂപയാണ് ഈയിനത്തിലെ ചെലവ്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ഈയിനത്തിലെ ചെലവ് 43700/-രൂപയാണ്.

2. 2017-18 വർഷത്തെ മെയിന്റനൻസ് കരാറിന്റെ കാലാവധി 1.12.2017 മുതൽ 30.11.2018 വരെയാണ്. 15.12.2017ലെ കമ്മിറ്റി തീരുമാനം 3(1) പ്രകാരം 11 മാസത്തേയ്ക്ക് കരാർ പുതുക്കി നൽകുന്നതിന് തീരുമാനിക്കുകയും എഗ്രിമെന്റ് നം. (രേഖപ്പെടുത്തിയിട്ടില്ല) തീയതി 1.9.2018 പ്രകാരം 1.9.2018 മുതൽ 31.8.2019 വരെ പ്രാബല്യത്തിൽ മെയിന്റനൻസ് കരാർ പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തെ കരാറിന്റെ കാലാവധി 30.11.2018 വരെ ഉണ്ടായിരിക്കെ 1.9.2018 പ്രാബല്യത്തിൽ കരാർ പുതുക്കി നൽകിയതിന്റെ കാരണം വ്യക്തമല്ല

3. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തിരിച്ചുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ മെയിന്റനൻസിനായി ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല

4. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

5. ഉത്തരവ് നം.ജി2 44274/15/തീയതി 17.8.2015 പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാതു ദിവസം തിരികെ കൊണ്ടു വന്ന് രജിസ്റ്റർ ഓഫ്

അൺസർവീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്യുന്നുവെന്നുറപ്പുവരുത്തേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

# 1-27 തെരുവു വിളക്ക് വാങ്ങൽ-ചെലവു തുക - (835825/- രൂപ) തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : 82/19

പ്രോജക്ട് പേര് : പർച്ചേസ് ഓഫ് സ്ട്രീറ്റ് ലൈറ്റ്സ്

അടങ്കൽ : 1000000

ചെലവ് :835825

13297 /-- ബിൽ നമ്പർ 21/11.03.2019

822528/- - ബിൽ നമ്പർ 24/26.03.2019

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ്സ് സ്ഥാപിക്കുന്നതിന് വേണ്ടി 24 WATT ഉള്ള 260 LED സെറ്റുകളും 40 WATT ഉള്ള 64 LED സെറ്റുകളും ടെണ്ടർ നടപടി പ്രകാരം വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1, 14.9.2018ൽ ഇ-ടെണ്ടർ ക്ഷണിച്ചതിൽ - 11 കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തെങ്കിലും 15.11.2018ലെ A3 -5793/18 കത്ത് പ്രകാരം 5 കമ്പനികളുടെ സാമ്പിൾ മാത്രമാണ് പരിശോധിച്ചത്.പ്രസ്തുത കമ്പനികളെ മാത്രം സാമ്പിൾ പരിശോധനക്ക് തിരഞ്ഞെടുത്തതിന്റെ അടിസ്ഥാനം വ്യക്തമല്ല.ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം (1358/യൂണിറ്റ് ആകെ 488880/-രൂപ ) എന്ന കമ്പനിയുടെ സാമ്പിൾ പരിശോധനക്കായി ആവശ്യപ്പെട്ടിട്ടില്ല.

2. സാമ്പിൾ ആവശ്യപ്പെട്ട 5 കമ്പനികളിൽ ഏറ്റവും ഉയർന്ന തുക ക്വോട്ട് ചെയ്ത INTRAVOLT PVT LTD എന്ന കമ്പനിയുടെ ടെണ്ടർ ആണ് അംഗീകരിച്ചിരിക്കുന്നത്.ടെണ്ടർ നോട്ടിഫിക്കേഷനിൽ പരാമർശിക്കാത്ത അധിക യോഗ്യതകളായ 3 വർഷത്തെ വാറണ്ടിയും മിന്നലിൽ നിന്നും സംരക്ഷണം നൽകുന്ന അധിക സംവിധാനവും ഏർപ്പെടുത്താമെന്ന കമ്പനി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ സ്വീകരിച്ച് തുടർനടപടി സ്വീകരിക്കാൻ ഭരണസമിതി 27.11.2018 ലെ 1(4) തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനം വ്യക്തമല്ല.

3. സാമ്പിൾ പരിശോധിച്ച 5 കമ്പനികളിൽ ഏറ്റവും കുറഞ്ഞ തുക(498600/- including GST ) ക്വോട്ട് ചെയ്ത അമ്മിണി എനർജി സിസ്റ്റംസ് എന്ന കമ്പനി 2 വർഷവും സിയോൺ LED ലൈറ്റ്സ് & സോളാർ എന്ന കമ്പനി ( തുക 630000/- ) 3 വർഷവും വാറണ്ടി നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നിരിക്കെ ഉയർന്ന തുക ക്വോട്ട്(795000/- excluding GST ) ചെയ്ത INTRAVOLT PVT LTD എന്ന കമ്പനിയുടെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. ജി.എസ്.ടി ഉൾപ്പെടാത്ത തുക സ്ഥാപനം ക്വാട്ട് ചെയ്തത് അംഗീകരിക്കാനിടയായ സാഹചര്യം വ്യക്തമല്ല.

4. 2018-19 സാമ്പത്തിക വർഷത്തെ പ്രൊക്യൂർമെൻറ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രസ്തുത സാമ്പത്തിക വർഷത്തിലെ 04.09.2018 ലെ യോഗത്തിൽ (ഒരു യോഗം മാത്രമേ ചേർന്നിട്ടുള്ളു) ഈ പ്രൊജക്റ്റ് ചർച്ച ചെയ്തിട്ടില്ല. പ്രൊക്യൂർമെൻറ് കമ്മിറ്റി മിനിട്സ് സാക്ഷ്യപ്പെടുത്തി ക്ളോസ് ചെയ്തിട്ടില്ല.

5. സ്റ്റോക്ക് രജിസ്റ്ററിൽ 25 WATT ന്റെ 360 ബൾബുകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കമ്പനിയുടെ ഡെലിവറി നോട്ട് REF NO INT/10/1/19 പ്രകാരം 21.01.2019 ൽ 310 ഉം REF NO INT/11/2/19 പ്രകാരം 07.02.2019 ൽ 48 ഉം ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്.(ആകെ 358) എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 360 എണ്ണം ലഭ്യമായതായി രേഖപ്പെടുത്തിയിരിക്കുന്നു. 06.03.2019 ൽ സ്റ്റോക്ക് രജിസ്റ്ററിൽ ലഭ്യമായതായി രേഖപ്പെടുത്തിയ 2 ബൾബുകളുടെ ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. 31.12.2018 വെച്ച കരാർ പ്രകാരം 20.02.2019 നകം വർക്ക് ഏറ്റെടുത്ത് INTRAVOLT PVT LTD പൂർത്തീകരിക്കേണ്ടതായിരുന്നു.എന്നാൽ KSEB യിൽ നിന്ന് സൂപ്പർവിഷൻ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ഉണ്ടായ കാലതാമസം മൂലം ജോലി പൂർത്തീകരിക്കാൻ സാധിക്കാതിരിക്കുകയും 01.03.2019 ൽ പുതിയ കരാറിൽ ഏർപ്പെടുകയും ചെയ്തു.പ്രസ്തുത കരാർ പ്രകാരം 60 ദിവസത്തിനകം ജോലി പൂർത്തീകരിക്കേണ്ടതാണെങ്കിലും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

7. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 17.03.2020 ൽ 101 ബൾബുകൾ ബാക്കിയുണ്ട്. എന്നാൽ പ്രസ്തുത തീയതിയിൽ നടത്തിയ ഭൗതിക പരിശോധനയിൽ 45 എണ്ണം മാത്രമാണ് കണ്ടെത്താനായത്. 259 ബൾബുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിനായി പല തീയതികളിലായി വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപെടുത്തിയിട്ടുണ്ട്. പ്രസ്തുത ബൾബുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ബിൽ നം. 24 പ്രകാരം ഇൻസ്റ്റലേഷൻ ചാർജ്ജ് ഒഴികെയുള്ള തുക 822528/- സ്ഥാപനത്തിന് മാറി നൽകിയിട്ടുണ്ട്. 259 ബൾബുകൾ INTRAVOLT PVT LTD / പഞ്ചായത്ത് നിയോഗിച്ചിട്ടുള്ള ഇലക്ട്രീഷ്യൻമാരാണോ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല

8. സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 48 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 835825/- രൂപ തടസ്സം ചെയ്യുന്നു. മറുപടി ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-28 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധയ്ക്ക് ലഭ്യമാക്കിയെങ്കിലും മേൽ ഉത്തരവുകൾ പ്രകാരം കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (14/11.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-29 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി ലഭ്യമാക്കിയില്ല

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)72/2017/എൽ.എസ്.ജി.ഡി; തീ.29.03.2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) അനുസരിച്ച് പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആണ് റോഡ്

പ്രവർത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ വെമ്പായം ഗ്രാമ പഞ്ചായത്തിൽ ഇത്തരം പദ്ധതികൾ, കണക്ടിവിറ്റി ഭൂപടം ഇല്ലാതെയാണ് നടപ്പിലാക്കി വരുന്നത്. റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കുന്നത്, പ്രവർത്തി നടത്തിപ്പിൽ അവ്യക്തത ഉണ്ടാക്കുന്നതിനും, പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും, പാഴ് ചെലവിനും കാരണമാകുന്നു. പഞ്ചായത്ത്, ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനു പകരം, പൂർണ്ണമായ റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കി ജനോപകാരപ്രദമായ സമഗ്രപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-30 സർക്കാർ ഉത്തരവിനു വിരുദ്ധമായി റോഡ് പ്രവൃത്തി നടപ്പാക്കി. 52949/- രൂപ നിരാകരിക്കുന്നു

Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലർ നമ്പർ 16/2016/Fin തീയതി 20/7/16, ചീഫ് എൻജിനീയർ (LSGD)യുടെ10.8.16ലെDB3/6512/2013/CE/LSGD സർക്കുലർ എന്നിവ പ്രകാരം റോഡ് പ്രവൃത്തികളിൽ സബ് ബേസ്/ബേസ് കോഴ്സ് ചെയ്യുമ്പോൾ കൂടിയ നിരക്കിലുള്ള സ്പെസിഫിക്കേഷനിലുള്ള Water bound macadam(WBM) ഒഴിവാക്കി കൂടുതൽ ഗുണനിലവാരവും ഉറപ്പുമുള്ളതും എന്നാൽ താരതമ്യേന നിരക്ക് കുറഞ്ഞതുമായ സ്പെസിഫിക്കേഷനിലുള്ള Wet Mix macadam (WMM) ഉപയോഗിച്ച് പ്രവൃത്തി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ സിയോൺകുന്ന് പെരുമ്പിലാംകോട് റോഡ് രണ്ടാംമെറ്റലിംഗ്,ടാറിംഗ്(പ്രോ. നം 154/19) എന്ന പ്രവൃത്തിയിൽ ഇതിനു വിരുദ്ധമായി പ്രവൃത്തി ചെയ്തിട്ടുള്ളതായി കാണുന്നു. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് 52,949/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖ.3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-31 കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :23/2019
പ്രോജക്ടിന്റെ പേര് :പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ തുക :262500/-രൂപ
ചെലവ്തുക :262500/-രൂപ
ഫണ്ടിനം :വികസനഫണ്ട്(ജനറൽ)
ബിൽ നം :3/18-19, 19.01.2019
നിർവ്വഹണ ഉദ്യോഗസ്ഥൻ :വെറ്റിനറി സർജൻ

വെമ്പായം ഗ്രാമപഞ്ചായത്തിലെ 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടികളെ തെരഞ്ഞെടുത്ത് ഇൻഷുറൻസ്,തീറ്റ എന്നിവ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 262500/-രൂപ SLBP ഡയറക്ടർക്ക് നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 47 ന് ലഭ്യമാക്കിയ മറുപടിയിൽ സാക്ഷ്യ പത്രം കിട്ടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 2,62,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-32 ABC പദ്ധതി-ചെലവുരേഖകൾ ഹാജരാക്കിയില്ല-2,10,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :28/2019

പ്രോജക്ടിന്റെ പേര് :നായ്ക്കളുടെ വന്ധ്യംകരണപരിപാടി (എബിസി പ്രോഗ്രാം)

അടങ്കൽതുക :210000/-രൂപ

ചെലവുതുക :210000/-രൂപ

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

ബിൽനമ്പർ :1/18-19, 30.07.2018

നിർവ്വഹണ ഉദ്യോഗസ്ഥൻ :വെറ്റിനറി സർജൻ

വെമ്പായം പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ പുനരധിവസിപ്പിക്കുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 14.02.2018ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ. നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിന് രൂപീകരിക്കുന്ന ABC മൈക്രോ സംരംഭ യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് ഒരു തെരുവു നായയെ വന്ധീകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തുടങ്ങിയവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി 2100/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാമിഷന് കൈമാറാവുന്നതാണ്.ഈ പ്രോജക്ടിൽ 100 നായകളെ വന്ധീകരിക്കുന്നതിന് (100x2100) 210000/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക കൈമാറിയിട്ടുണ്ട്.എന്നാൽ തുക ചെലവാക്കിയതിന് വിനിയോഗസാക്ഷ്യ പത്രവും ചെലവുരേഖകളും ഫയലിൽ ലഭ്യമായില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 45 ന് ലഭ്യമാക്കിയ മറുപടിയിൽ സാക്ഷ്യ പത്രവും ചെലവുരേഖകളും കുടുംബശ്രീ ജില്ലാമിഷനിൽ നിന്നു ലഭിച്ചിട്ടില്ലെന്നും കിട്ടിയാലുടൻ ലഭ്യമാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 210000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-33 ആടുവളർത്തൽ പദ്ധതി(എസ്.സി.പി)-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ :50/2019

പ്രോജക്ടിന്റെ പേര് :ആടുവളർത്തൽ പദ്ധതി(എസ്.സി.പി)

അടങ്കൽതുക :832000/-രൂപ

ചെലവു തുക :80000/-രൂപ

ഫണ്ടിനം :വികസനഫണ്ട്(എസ്.സി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ :വെറ്ററിനറി സർജൻ

ബിൽനമ്പർ :9/18-19, 25.03.2019

പദ്ധതിയുടെ ഭാഗമായി 52 പേർക്ക് 2 ആടു വീതം നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ 10 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.ഇത് ലക്ഷ്യമിട്ടതിന്റെ 19.2%മാത്രമാണ്.ഗുണഭോക്തൃലിസ്റ്റ് ഉണ്ടായിരുന്നിട്ടും പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 46 ന് ലഭ്യമാക്കിയ മറുപടിയിൽ എല്ലാ ഗുണഭോക്താക്കളെയും അറിയിച്ചുവെങ്കിലും 10 പേർ മാത്രമാണ് ആനുകൂല്യത്തിനായി വന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആവശ്യകത നിർണ്ണയിക്കാതെ പ്രോജക്ട് തയ്യാറാക്കിയത് സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-34 വാങ്ങൽ പ്രോജക്ടുകൾക്ക് നടപടിക്രമം പാലിക്കുന്നില്ല

2018-19 സാമ്പത്തിക വർഷം വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിനായി പഞ്ചായത്തിൽ 3 പ്രോജക്റ്റുകളാണ് രൂപീകരിച്ചിട്ടുള്ളത് വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| പ്രോജക്റ്റ് നം. | .പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽതുക | ചെലവ് തുക |
|---|---|---|---|---|
| 62/19 | വയോജനങ്ങൾക്ക്കട്ടിൽ(എസ്.സി,പി) | അസിസ്റ്റന്റ് സെക്രട്ടറി | 91350/- | 90620/- |
| 145/19 | വയോജനങ്ങൾക്ക്കട്ടിൽ(റ്റി.എസ്.പി) | അസിസ്റ്റന്റ് സെക്രട്ടറി | 64500/- | 62600/- |
| 43/19 | വയോജനങ്ങൾക്ക്കട്ടിൽ(ജനറൽ) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 382700/- | 382122/- |
| ആകെ | | | | 535342/- |

ഇതുസംബന്ധിച്ച് ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. 12.05.2015 ലെ ജി.ഒ(എം.എസ്)13/2015/ഐ.ടി.ഡി. പ്രകാരം 5 ലക്ഷം രൂപയ്ക്കു മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്.എന്നാൽ ഇവിടെ 535342/- രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയെങ്കിലും ടി നടപടിക്രമം പാലിച്ചിട്ടില്ല.

2.ടെണ്ടർ അംഗീകരിക്കുന്നതു സംബന്ധിച്ച് 2013 ലെ സ്റ്റോർസ് പർച്ചേസ് മാനുവൽ ഖണ്ഡിക നമ്പർ 9.4, 9.16, 9-17, 9-18 എന്നിവ പ്രകാരം ടെണ്ടറുകൾ തുറന്നതിനുശേഷം നിരക്കുകളുടെ കൃത്യവും പൂർണ്ണവുമായ താരതമ്യപട്ടിക തയ്യാറാക്കേണ്ടതാണ്. നിരക്ക്, ഗുണനിലവാരം, വിതരണനിബന്ധനകൾ മുതലായവ അടിസ്ഥാനമാക്കി ടെണ്ടറുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിക്കേണ്ടതുമാണ്. കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവിടെ താരതമ്യപ്പട്ടിക തയ്യാറാക്കിയിട്ടില്ല. കുറഞ്ഞ നിരക്കുലുള്ള ടെണ്ടർ സ്വീകരിക്കാത്തതിനു കാരണം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അക്ഷേഷ്യ തടിയിൽ തയ്യാറാക്കിയ കട്ടിലുകൾക്ക് വിവിധ സ്ഥാപനങ്ങളുടെ ടെണ്ടർ നിരക്കുകൾ ചുവടെ,

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിരക്ക് |
|---|---|---|
| 1. | മേലതിൽ ഇൻഡസ്ട്രീസ് | 4130/- |
| 2. | പ്ളാസ എന്റർപ്രൈസസ് | 3790/- |
| 3. | ആർ.കെ ഫർണിച്ചർ മാർട്ട് | 3940/- |
| 4. | ശബരി സ്റ്റീൽ ഫർണിച്ചർ | 3545/- |
| 5. | ടൈ ടെക്ക് ട്രേഡേഴ്സ് | 3395/- |

ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ടൈടെക്ക് ട്രേഡേഴ്സിന്റേതാണ്. എന്നാൽ ആർ.കെ ഫർണിച്ചർ മാർട്ടിൽ നിന്നാണ് കട്ടിൽവാങ്ങിയിട്ടുള്ളത്.

ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 57ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും

ശ്രദ്ധ ക്ഷണിക്കുന്നു.

# 1-35 വിതരണ രേഖകൾ ഹാജരാക്കണം-26801/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :193/2019

പ്രോജക്ടിന്റെ പേര് :ജലശ്രീ കിണർ റീചാർജ്ജിംഗ്

അടങ്കൽതുക : 1440000/-രൂപ(വികസനഫണ്ട് പൊ.വി.-720000,ബ്ലോക്ക്-360000,ജില്ല-360000)

ചെലവ് തുക :70185/-രൂപ(വികസനഫണ്ട് പൊ.വി.-39384/-,ബ്ലോക്ക്-16000/-,ജില്ല-14801/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

ബിൽ നമ്പർ : 9/18-19, 4000/- 22.11.2018

22/18-19, 8000/- 22.12.2018

44/18-19 4000/- 1603.2019

46/18-19 4000/- 1603.2019

48/18-19 12000/- 16.03.2019

62/18-19 7384/- 25.03.2019

പ്രോജക്ടുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കിണർ റീചാർജിംഗ് പദ്ധതിയുമായി ബന്ധപ്പെട്ട് 9 പേർക്ക് സബ്സിഡി വിതരണം ചെയ്തതിന്റെ രേഖകളാണ് ഫയലിൽ ലഭ്യമായത്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 1. | ബേബികുമാരി | 4000/- |
| 2. | വസന്ത.സി | 4000/- |
| 3. | ലൈല.എസ്. | 4000/- |
| 4. | സുകുമാരൻനായർ | 6000/- |
| 5. | ബീന.ഡി | 4000/- |
| 6. | ശ്രീകുമാർ | 4000/- |
| 7. | മോഹനകുമാർ.കെ | 4000/- |
| 8. | യൂസഫ് കുഞ്ഞ് | 7384/- |
| 9. | സൗമ്യ | 6000/- |
| | ആകെ | 43384/-രൂപ |

ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതത്തിൽപ്പെട്ട 26801/-രൂപയുടെ വിതരണരേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 35ന് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതുവരെ 26801/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 കാടുവെട്ടുയന്ത്രം-വാങ്ങൽ,വിതരണം എന്നിവയിൽ നടപടിക്രമം പാലിച്ചില്ല

പ്രോജക്ട് നമ്പർ :74/2019

പ്രോജക്ടിന്റെപേര് :കാടുവെട്ടുയന്ത്രം വാങ്ങൽ ഗ്രൂപ്പുകൾക്ക്

അടങ്കൽ തുക :220000/-രൂപ(വികസന ഫണ്ട് പൊതു വിഭാഗം - 198000/-, മറ്റുള്ളവ- 22000/-)

ചെലവ് തുക :132000/-രൂപ (വികസന ഫണ്ട് പൊതു വിഭാഗം - 118800/-, മറ്റുള്ളവ- 13200/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

ബിൽനമ്പർ : 32/ 30.01.2019, തുക 74250

64/25.03.2019 തുക 29700

59/16.03.2019 തുക 14850

പ്രോജക്ടുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്റ്റോർ പർച്ചേസ് മാനുവൽ,2013 ജി ഒ (പി) നം.03/2013എസ്.പി.ഡി തിയതി:21.06.2013 ,ഖണ്ഡിക 7.8 പ്രകാരം എസ്റ്റിമേറ്റ് തുക 100000/-രൂപ മുതൽ 1000000/-രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ ഉപയോഗപ്പെടുത്താവുന്നതാണ്.എന്നാൽ ടെണ്ടർനടപടിക്രമം കൂടാതെ സുൽത്താന ആഗ്രോ പവർ ടൂൾസ് ,നെടുമങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും 8 യന്ത്രം വാങ്ങി.

2.വാങ്ങിയ യന്ത്രങ്ങൾ 8 ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ വിതരണം ചെയ്ത ഗ്രൂപ്പുകളിൽ കാരുകോണം ഹരിത പച്ചക്കറി ക്ളസ്റ്റർ 2018-19 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 34ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 വാഴകൃഷി വികസനം(കദളീവനം)ഗ്രൂപ്പു മുഖേന- പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് നമ്പർ :108/2019

പ്രോജക്ടിന്റെ പേര് :വാഴകൃഷി വികസനം(കദളീവനം)ഗ്രൂപ്പ മുഖേന

അടങ്കൽ തുക :600500/-രൂപ (വികസനഫണ്ട്-പൊതുവിഭാഗം-496750, മറ്റുള്ളവ-103750)

ചെലവ് തുക :14406/-രൂപ (വികസനഫണ്ട്-പൊതുവിഭാഗം-11916, മറ്റുള്ളവ-2490)

ബിൽനമ്പർ :57/ 16.03.2019തുക 216/- രൂപ

56/ 16.03.2019 തുക 11700/- രൂപ

പ്രോജക്ടുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാഴക്കന്ന്,കുമ്മായം,ജൈവവളം എന്നിവയടങ്ങിയ യൂണിറ്റാണ് പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്തത്.പദ്ധതി പ്രകാരം 3 കുടുംബശ്രീകൾക്ക് 2 യൂണിറ്റ് വീതം വിതരണം ചെയ്തു.എന്നാൽ ആനുകൂല്യം ലഭിച്ച നന്നാട്ടുകാവ് കുടുംബശ്രീ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2.കുടുംബശ്രീ യൂണിറ്റുകൾ വസ്തു ഉടമസ്ഥരുമായി കരാറിലേർപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമായില്ല.

ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 36ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-38 നെൽവിത്ത് -വിതരണരേഖകൾ ഹാജരാക്കണം

പ്രോജക്ട് നമ്പർ :127/2019

പ്രോജക്ടിന്റെ പേര് :കേദാരം സമഗ്ര നെൽകൃഷി വികസനം (കൊഞ്ചിറ പാടശേഖരസമിതി)

അടങ്കൽ തുക :278400/-രൂപ (വികസനഫണ്ട് – പൊതുവിഭാഗം-67800,
ബ്ലോക്ക് -102000, ജില്ല-102000, മറ്റുള്ളവ-6600)

ചെലവ് തുക :165600/-രൂപ (വികസനഫണ്ട് പൊതുവിഭാഗം-38400, ബ്ലോക്ക് -50700,
ജില്ല-76500,മറ്റുള്ളവ-0)

ബിൽനമ്പർ :1/28.07.2018തുക 19200/-രൂപ

15/ 22.11.2018 തുക 19200/-രൂപ

കേദാരം നെൽകൃഷി വികസന പദ്ധതി മുഖേന ഒന്നും രണ്ടും വിളകളിലായി 12 ഹെക്ടർ നെൽകൃഷി ചെയ്യുന്ന തരത്തിലാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.ഇതിന്റെ ഭാഗമായി മുണ്ടകൻ കൃഷിയ്ക്ക് 480 കിലോഗ്രാം നെൽവിത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമാണ്.എന്നാൽ വിരിപ്പ് കൃഷിക്കായി കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ് മെന്റ് സൊസൈറ്റിയിൽ നിന്ന് വാങ്ങിയ 480 കിലോഗ്രാം നെൽവിത്തിന്റെ വിതരണ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-39 ജാഗ്രതാ സമിതി പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്

ജാഗ്രതാ സമിതി മാർഗ്ഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം (എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതാസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് ചെയ്യണം, തുടർപ്രവർത്തനങ്ങൾക്ക് സഹായമായി എന്ത് ചെയ്യണം എന്നിവ ചർച്ച ചെയ്ത് തുടർപരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂട്ടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം. രണ്ടു മാസത്തിൽ ഒരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതാസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം. ഗ്രാമപഞ്ചായത്ത് തലത്തിൽ

ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശേഖരിക്കുക. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ച നടത്തി അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ ചർച്ച സംഘടിപ്പിച്ചിട്ട് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് അവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതിയോഗങ്ങളിലും നടത്തേണ്ടതാണ്.

ജാഗ്രതാ സമിതി പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 15/11.03.2020) വെമ്പായം ഗ്രാമപഞ്ചായത്തിൽ 2018-2019 വർഷത്തിൽ ജാഗ്രതാസമിതി പ്രത്യേകമായി കൂടിയിട്ടില്ലായെന്നും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലീഗൽ സർവ്വീസ് സൊസൈറ്റി, ഫാമിലി കമ്യൂണിറ്റി സെന്റർ എന്നിവരോടൊപ്പം ചേർന്നാണ് ഈ പഞ്ചായത്തിൽ വരുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. വാർഡ്തല പ്രശ്നപരിഹാരങ്ങൾ വരും വർഷങ്ങളിൽ ശക്തിപ്പെടുത്താമെന്നും ഐ സി ഡി എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ജാഗ്രതാ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

# 1-40 അംഗൻവാടികളുടെ പ്രവർത്തനം

അംഗൻവാടികളുടെ പ്രവർത്തനം, അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങളുടെ സുരക്ഷിതത്വം എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 3/11.03.2020)ക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ 35 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം താഴെപ്പറയുന്ന പ്രകാരം ആണെന്നും മറുപടി നൽകി.

| ക്രമ നം. | അടിസ്ഥാന സൗകര്യം | റിമാർക്ക്സ് |
|---|---|---|
| 1 | കെട്ടിടം | സ്വന്തം കെട്ടിടം :24<br>വാടക കെട്ടിടം :11 |
| 2 | ചുറ്റുമതിൽ | ഇല്ലാത്തവ : 11 |

സർക്കുലർ നമ്പർ 31055/ഡിസി12/2011/തസ്വഭവ, 22.03.2011 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.2018-2019 സാമ്പത്തിക വർഷം മേൽ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ 12/11.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ (നിർമ്മാണവും അറ്റകുറ്റപ്പണികളും), സുരക്ഷിതത്വം എന്നിവ മെച്ചപ്പെടുത്തുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

# 1-41 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അംഗൻവാടി വർക്കേഴ്സിന്റെ അധിക ഹോണറേറിയം അനുവദിച്ചു

സ. ഉ.(സാധാ) നം. 1929/2018/ധന. തീയതി, തിരുവനന്തപുരം 13 മാർച്ച് 2018 ഉത്തരവ് പ്രകാരം അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിൽ പ്രാദേശിക സർക്കാരുകൾ നൽകാനുള്ള തുക അതാത് പ്രാദേശിക സർക്കാരുകൾ 2235-02-102-105- deduct Amount transferred to

102- child Welfare from Development Fund of LSGIs towards Honorarium & Allowance of Anganwadi Workers & Helpers എന്ന ശീർഷകത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും അധിക വേതനം 2018-19 ലെ പ്രൊജക്ട് വെച്ച് നേരിട്ട് നൽകിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0196/19 |
| പ്രോജക്ട് പേര് | അംഗൻവാടി ടീച്ചർക്ക് ഹോണറേറിയം |
| പ്രോജക്ട് വിഭാഗം | ജനറൽ |
| പ്രോജക്ട് മേഖല | 11 അംഗൻവാടികൾ |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | 770000 |
| ചെലവ് | 747779 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 59/18.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും അധിക വേതനം 2018-19 ലെ പ്രോജക്ട് വെച്ച് നേരിട്ട് നൽകിയിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-42 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പ് -അപാകതകൾ

പ്രോജക്ട് നം. - 1/19

പേര് - പാലിയേറ്റീവ് കെയർ

അടങ്കൽ - വികസനഫണ്ട് 646220/- രൂപ

തനത് ഫണ്ട് - 553700/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ടിനത്തിൽ ചെലവ് 638979/-രൂപയും തനത് ഫണ്ടിനത്തിൽ ചെലവ് 495788/-രൂപയുമാണ്. എന്നാൽ ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം വികസനഫണ്ട് ചെലവ് 610262/- രൂപയും( ബിൽ ബുക്ക് പ്രകാരം 638979/- രൂപയും പിൻവലിച്ചിട്ടുണ്ട്) തനത് ഫണ്ട് ചെലവ് 400000/- രൂപയുമാണ്.

2. ബിൽ നം. 1/28.5.2018 പ്രകാരം പിൻവലിച്ച 26200/-രൂപയിൽ 11200/-രൂപ വാഹന വാടകയിനത്തിൽ നൽകിയതാണ്. എന്നാൽ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടുള്ള KL 7 BF-3004 എന്ന വാഹനം നോൺട്രാൻസ്പോർട്ട് വിഭാഗത്തിൽ പെട്ട Tata Indica കാറാണ്. നോൺട്രാൻസ്പോർട്ട് ഗണത്തിൽപ്പെട്ട വാഹനത്തിന്റെ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ വാഹന വാടക നൽകുന്നത് ഒഴിവാക്കേണ്ടതാണ്

3. പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ ഖണ്ഡിക 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതും ദ്വൈമാസ യോഗത്തിൽ വച്ച് അടുത്ത രണ്ട് മാസത്തേയ്ക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിററി മിനിട്സ് പരിശോധിച്ചതിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. 15.11.2017 ന ശേഷം 5.5.2018, 13.9.2018, 7.3.2019 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. കൂടാതെ അടുത്ത രണ്ട് മാസത്തേയ്ക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുള്ളതായും കാണുന്നില്ല

4. പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ ഖണ്ഡിക 2.6.3(6) പ്രകാരം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27 ന് സർക്കാർനിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ക്രമ നം. 1 പ്രകാരമുള്ള പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതു പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-43 തുല്യത -തുടർ വിദ്യാഭ്യാസം- രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് -നമ്പർ 91//19

പദ്ധതി അടങ്കൽ - 300000/-(തനത് ഫണ്ട്)

പദ്ധതി ചെലവ് -280000/-

വൗച്ചർ നമ്പർ - 21801354/29.3.19

നിർവ്വഹണം – എച്ച്.എം

പത്താം ക്ലാസ്, ഹയർ സെക്കൻഡറി തുല്യതാ പഠനത്തിനായി പഠിതാക്കളുടെ ഫീസ് നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. പത്താം തരം തുല്യത കോഴ്സ് പദ്ധതി വിഹിതമായി 50 പഠിതാക്കൾക്ക് 92500/- രൂപ (1850*50) യും ഹയർ സെക്കൻഡറി തുല്യത കോഴ്സ് പദ്ധതി വിഹിതമായി 75 പഠിതാക്കൾക്ക്187500/-(75*2500) രൂപയും സാക്ഷരതമിഷന് നൽകിയിട്ടുണ്ട്. സാക്ഷരത മിഷന്റെ 27.10.2017 ലെ തഎ6-2916/16/ കേ.സം.സാ.മി.അ കത്ത് പ്രകാരം പത്താംതരം തുല്യത , ഹയർ സെക്കൻഡറി തുല്യത പദ്ധതി വിഹിതം വെവ്വേറെ അക്കൗണ്ടിലാണ് നിക്ഷേപിക്കേണ്ടത്. കൂടാതെ നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ രേഖാമൂലം അറിയിച്ച് സാക്ഷരത മിഷനിൽ നിന്നും കൈപറ്റ് രസീത് ലഭ്യമാക്കുന്നതിനായി കത്തിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഹെഡ്മാസ്റ്ററുടെ പേരിൽ നൽകിയ ചെക്ക് നേരിട്ട് സാക്ഷരത മിഷനിൽ നിക്ഷേപിച്ചതായി നിർവ്വഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും ബിൽ കോപ്പി പരിശോധിച്ചത് പ്രകാരം പത്താംതരം തുല്യത , ഹയർ സെക്കൻഡറി തുല്യത പദ്ധതി വിഹിതം വെവ്വേറെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം ഒരു അക്കൗണ്ടിലാണ് നൽകിയിട്ടുള്ളത്. കൂടാതെ നിക്ഷേപം സംബന്ധിച്ച വിശദാംശങ്ങൾ രേഖാമൂലം അറിയിച്ച് സാക്ഷരത മിഷനിൽ നിന്നും കൈപറ്റ് രസീത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2. പഠിതാക്കൾ തുല്യത പരീക്ഷക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പഠിതാക്കളുടെ ഹാജറിന്റെ പകർപ്പ് മാത്രമാണ് ലഭ്യമാക്കിയത്. അപാകതകൾ അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം പഠിതാക്കൾ പരീക്ഷക്ക് രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവിന് ആധാരമായ രേഖകളുടെ അഭാവത്തിൽ തുല്യത- തുടർ വിദ്യാഭ്യാസം പദ്ധതിക്ക് നൽകിയ 280,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഠിതാക്കൾ തുല്യത പരീക്ഷക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്ത പക്ഷം തുല്യത പരീക്ഷാ ഫീസായി സാക്ഷരതാ മിഷനിൽ അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

# 1-44 പ്രവേശനോത്സവം- അപാകതകൾ - 11720/- നിരാകരിക്കുന്നു

പ്രവേശനോത്സവം (പഠന കിറ്റ് നൽകൽ - 97/19) എന്ന പദ്ധതി പ്രകാരം 2018-19ൽ പ്രവേശനോത്സവം നടത്തുന്ന വിദ്യാർത്ഥികൾക്കായി പഠന കിറ്റ് വാങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം സ്കൂൾ ബാഗ്, കുട എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ടി. പദ്ധതി പ്രകാരം സ്റ്റോക്കിലെടുക്കാത്ത 20 ബാഗുകളുടെയും കുടകളുടെയും തുകയായ 11720/- (223x20+363x20)ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖ. 3-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-45 സ്കൂളുകളിൽ ഇൻസിനറേറ്റർ- അപാകതകൾ

പ്രോജക്ട് നമ്പർ -140/19

പദ്ധതി അടങ്കൽ -75000(വി.ഫ)

ചെലവ് -74760

ബിൽ നമ്പർ -11/18-19 21.12.2018

കന്യാകുളങ്ങര എൽ.പി.സ്കൂളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി രൂപീകരിച്ചതാണ് ഈ പദ്ധതി. പദ്ധതി പ്രകാരം ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി 74760/- രൂപ AB Enterprises എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്( പഞ്ചായത്ത് കമ്മിറ്റി 19.9.18 ലെ 7(5) നമ്പർ തീരുമാനം)

പദ്ധതി പ്രകാരം ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി AB Enterprises എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ( 4.9.18ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി യിൽ ക്വട്ടേഷൻ അംഗീകരിക്കാൻ ശുപാർശ,പഞ്ചായത്ത് കമ്മിറ്റി 19.09.18ലെ 7(5) നമ്പർ തീരുമാനം ). എന്നാൽ സ്ഥാപനവുമായി എ.എം.സി ചമച്ചിട്ടില്ല. കൂടാതെ വാറന്റി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പദ്ധതി രൂപീകരണ വേളയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തിട്ടുണ്ടെങ്കിലും എൽ.പി സ്കൂളിൽ ഇൻസിനറേറ്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത നിർണയിച്ചിട്ടില്ല. ശുചീകരണം സംബന്ധിച്ച ഈ പ്രോജക്ടിന്റെ ആവശ്യകത,രൂപീകരണം, നിർവ്വഹണം, എന്നിവ ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ കീഴിൽ ചർച്ച ചെയ്തിട്ടില്ല

2. എ.എക്സ്. ഇ 16.4.2018 ന് (3/AEE/LSGD/NDD)അംഗീകാരം നൽകിയ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. കേന്ദ്ര മൈക്രോ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മന്ത്രാലയത്തിന്റെ Udyog Aadhar മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ AB Enterprises എന്ന സ്ഥാപനത്തിന് അംഗീകാരമുള്ളതായി കാണുന്നില്ല. ടി സ്ഥാപനത്തിന് ശുചിത്വ മിഷന്റെ അംഗീകാരമുള്ളതായും കാണുന്നില്ല.

4. ശുചിത്വ മിഷന്റെ ശുചിത്വ കേരള ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാമായിരുന്ന പദ്ധതി വികസന ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 54 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകാരമില്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നൽകിയ നടപടി ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗമായ പ്രക്യൂർമെന്റ് കമ്മിറ്റിയുടെയും ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കാതെ ചെയ്ത പദ്ധതി നിർവ്വഹണം അംഗീകരിക്കത്തക്കതല്ല.തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിൽ ഇത്തരത്തിൽ അപാകത ഒഴിവാക്കേണ്ടതാണ്.

# 1-46 പഠന സൗഹൃദക്കൂട്ടം- രേഖകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 149/19(സ്പിൽ ഓവർ)

പദ്ധതി അടങ്കൽ - 25000

പദ്ധതി ചെലവ് -25000

ബിൽ നമ്പർ-2/18-19 24.5.2018

ആഴ്ചയിൽ ഒരു ദിവസം വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ ഇടകലർത്തി ആശയവും അറിവും പങ്കുവെയ്ക്കുവാൻ അവസരം നൽകുകയും കലാ, സാഹിത്യം, ശാസ്ത്രം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട് അറിവ് കുട്ടികൾക്ക് നൽകുന്നതിന് ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കുവാൻ 2017-18 ൽ ആവിഷ്കരിച്ച ഈ പദ്ധതിക്കായി 2017-18 ൽ 25000/- രൂപ ചെലവഴിക്കുകയും 2018-19ൽ സ്പിൽ ഓവറായി നടപ്പിലാക്കിയതുമാണ് ഈ പദ്ധതി( 147/19 ). 16.5.18 ലെ 1-)ം നമ്പർ തീരുമാന പ്രകാരം 2018-19 ൽ 25000/- രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പദ്ധതിക്കായി 25000/- രൂപ പിൻവലിച്ച് ശ്രീ.സജീർ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ടി തുകയ്ക്ക് ശ്രീ.സജീർ എന്ന വ്യക്തിയിൽ നിന്നും ലഭ്യമായ സേവനത്തിന്റെ വിവരം ലഭ്യമായിട്ടില്ല. കൂടാതെ പദ്ധതി പ്രവർത്തനം എന്താണെന്ന് ഫയലിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടില്ല. പദ്ധതി പ്രകാരം ടെലിഫിലിം നിർമ്മാണത്തിന് തുക ചെലവഴിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം നടന്നതിന്റെയും ടെലിഫിലിം നിർമ്മിച്ചതിന്റെ ആവശ്യകതയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം എപ്രകാരമാണ് കൈവരിച്ചത് എന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല. കൂടാതെ പദ്ധതി പണം നൽകിയതിന് ആധാരമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 49 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി 2018-19 ൽ ചെലവഴിച്ച 25000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും പദ്ധതി പ്രകാരം തുക നൽകിയ വ്യക്തിയിൽ നിന്നും ലഭിച്ച സേവനത്തിന്റെ വിവരങ്ങൾ , വ്യക്തിയുമായി ഗ്രാമ പഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കരാർ എന്നിവ ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് മുഖാന്തിരം പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടം സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 കരാറുകാരന് ടെണ്ടർ നിരക്കിനേക്കാൾ അധിക തുക നൽകി

പ്രോജക്ട് നം. – 148

പേര് – പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ സ്ഥാപിക്കൽ

അടങ്കൽ – വികസനഫണ്ട് 1000000/- രൂപ

ചെലവ് തുക – ബിൽ നം. 14/12.11.18 തുക 949691/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ 08.02.2017 ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷനിൽ നിന്ന് ടെക്നിക്കൽ സാംഗ്ഷൻ 1000000/- രൂപയ്ക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇ-ടെണ്ടർ ചെയ്യുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തിരുന്ന A1 ഏജൻസീസിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. **T.Sലഭിച്ച മുഴുവൻ പ്രവൃത്തി ഇനങ്ങളും നിർവ്വഹിച്ചിട്ടില്ല.** ജി.ഒ(പി) 13/12/PWD തീയതി 01.02.2012 സെക്ഷൻ 1601.1.6 പ്രകാരം T.S ലഭ്യമായ എസ്റ്റിമേറ്റിൽ ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിചേർക്കലും മാറ്റം വരുത്തലും ആവശ്യമായി വരുന്ന സംഗതിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇവിടെ സാങ്കേതികാനുമതി ലഭിച്ച 17 ഇനങ്ങൾ ഒഴിവാക്കിയിട്ടും ചില ഇനങ്ങൾ അംഗീകൃത അളവിൽ കുറച്ച് ചെയ്തിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. (ഓഡിറ്റ് റിക്വസിഷൻ നമ്പർ 3 പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല.

2. **T.S ലഭിച്ചതിനേക്കാൾ കൂടിയ അലവിൽ പ്രവൃത്തി നിർവ്വഹിച്ചു.**

ചീഫ് എഞ്ചിനീയറുടെ നം.CE/R&B GL-18/19(1) തീയതി 17.4.18 പ്രകാരം T.S ലഭിച്ച ഒരു സിംഗിൾ ഇനത്തിന് പരമാവധി 25% വരെ അധികരിച്ച് പ്രവൃത്തി നിർവ്വഹിക്കാവുന്നതും തുക അനുവദിക്കാവുന്നതുമാണ്. 25%-ൽ അധികം പ്രവൃത്തി നിർവ്വഹിച്ച് തുക നൽകേണ്ടി വരുന്ന പക്ഷം ആയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇവിടെ ചില ഇനങ്ങൾ 25%-ൽ അധികം നിർവഹിച്ചിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങിയിട്ടില്ല. പ്രസ്തുത ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | T.S ലഭിച്ച അളവ് (നിരക്ക്) | നിർവ്വഹിച്ച അളവ് | പരമാവധി അനുവദിക്കാവുന്ന അളവ് (25% വരെ) | അധികം അനുവദിച്ച അളവ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 6.3 2 core 10sqmm Aluminium power cable | 15 Nos (165/-) | 26 Nos | 19 Nos | 7 Nos | 1155 |
| 8.2 3.5 core 50sq.mm with factory made clamp | 30 (393/-) | 60Nos | 38 Nos | 22 Nos | 8646 |
| 8.3 2 core 4 Sq.mm with factory made clamp | 10 (135/-) | 15 Nos | 13 Nos | 2 Nos | 270 |
| 19.2 20x3mm copper strip tinned at the points of contacts | 20 (386/-) | 67 Nos | 25 Nos | 42 Nos | 16212 |
| | | | | **ആകെ** | **26283** |

3. **ജനറേറ്റർ സ്ഥാപിച്ചതിന് കരാറുകാരന് അധികം തുക നൽകി.**

08.11.2017-ലെ തീയതി 2(2) പ്രകാരം കരാറുകാരന് ഐറ്റം 1. Supply conveyance installation ............ എന്ന ഇനത്തിന് അംഗീകരിച്ച് നൽകിയ ക്വാട്ട് ചെയ്ത തുകയിൽ കൂടുതൽ നൽകിയിട്ടുണ്ട്.

കരാറുകാരന് അംഗീകരിച്ച നൽകിയ PAC പ്രകാരം നൽകേണ്ട തുക – 585225/- രൂപ

എം.ബുക്ക് പ്രകാരം നൽകിയ തുക – 645225/- രൂപ

അധികം നൽകിയ തുക – 60000/-രൂപ

പ്രസ്തുത തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

4. എം.ബുക്ക് പ്രകാരം extra items ഇനത്തിൽ 22 പ്രവൃത്തി ചെയ്ത് 69131/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അഭാവത്തിൽ extra items ഇനത്തിൽ ചെലവ് ചെയ്ത 69131/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.55 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-2 സർക്കാർ ഉത്തരവിനു വിരുദ്ധമായി റോഡ് പ്രവൃത്തി നടപ്പാക്കി. 52949/-രൂപ രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 154/19 (103/18) |
| പേര് | സിയോൺകുന്ന് പെരുമ്പിലാംകോട് റോഡ് രണ്ടാംമെറ്റലിംഗ്,ടാറിംഗ്. |
| അടങ്കൽ | 525000/- |
| ചെലവ് | 522429/- |
| ബിൽ നമ്പർ / തീയതി | 20/18-19/09.11.18 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| എം.ബുക്ക് നമ്പർ | 1817-18 |
| T.S നമ്പർ | 12155/2017-2018 |
| കരാർ | 54/AE/LSGD/VBM/17-18 dated 01.02.2018 |

Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലർ നമ്പർ 16/2016/Fin തീയതി 20/7/16, ചീഫ് എൻജിനീയർ (LSGD)യുടെ10.8.16ലെDB3/6512/2013/CE/LSGDനമ്പർ സർക്കുലർ എന്നിവ പ്രകാരം റോഡ് പ്രവൃത്തികളിൽ സബ് ബേസ്/ബേസ് കോഴ്സ് ചെയ്യുമ്പോൾ കൂടിയ നിരക്കിലുള്ള സ്പെസിഫിക്കേഷനിലുള്ള Water bound macadam(WBM) ഒഴിവാക്കി കൂടുതൽ ഗുണനിലവാരവും ഉറപ്പുമുള്ളതും എന്നാൽ താരതമ്യേന നിരക്ക് കുറഞ്ഞതുമായ സ്പെസിഫിക്കേഷനിലുള്ള Wet Mix macadam (WMM) ഉപയോഗിച്ച് പ്രവൃത്തി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ ഇതിനു വിരുദ്ധമായി പ്രവൃത്തി ചെയ്തിട്ടുള്ളതായി കാണുന്നു.

എസ്റ്റിമേറ്റ് ഇനം-1ആയി DSR-2016 (C.I-50.98) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് പേജ് നമ്പർ 1മുതൽ 4 വരെ WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രവൃത്തി ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയുംവിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് - 67.50$m^3$@4061.90 $/m^3$<br>( എം.ബുക്ക് പേജ് നം. 25) | 274178.25രൂപ |

| | |
|---|---|
| അനുവദിക്കാവുന്നത് - 67.50 $m^3$ @3277.47/$m^3$ | 221229.23രൂപ |
| അധികം അനുവദിച്ചത് | 52949.02രൂപ |

പ്രസ്തുത പ്രവൃത്തിക്ക് അധികമായി 52949.02രൂപ അനുവദിച്ചതായി കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം 39/16.03.2020) ന് ലഭ്യമാക്കിയ മറുപടിയിൽ റോഡിന്റെ ഒരു മെറ്റൽ ലയർ മാത്രം ചെയ്തിട്ടിരിക്കുന്ന ഭാഗത്ത് രണ്ടാം മെറ്റലിംഗും ടാറിംഗും ചെയ്യാനാണ് 4.7.3.A എന്ന ഐറ്റം കൊടുത്തത് എന്നും നിലവിൽ ഒന്നാം മെറ്റൽ ചെയ്ത റോഡ് WBM ചെയ്തതാണ് എന്നും ആയതിന്റെ മുകളിൽ WMM കൊടുത്താൽ മെറ്റൽ പാളികളായി ഇളകിപ്പോകുമെന്നും, ടി. പ്രോജക്ടിന്റെ സാങ്കേതികാനുമതി ലഭ്യമാകുന്ന സമയത്ത് ബ്ലോക്ക് തലത്തിൽ യോഗം കൂടി ഒരു മെറ്റലിംഗ്( WBM) ചെയ്തിട്ടിരിക്കുന്ന റോഡുകളിൽ അതിനു മുകളിൽ രണ്ടാം മെറ്റലിംഗ് WBM തന്നെ കൊടുത്താലെ റോഡ് കിടക്കുകയുള്ളുവെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഐറ്റം കൊടുത്തത് എന്നും ആയതു പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. മേൽ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി മാത്രമേ പ്രവൃത്തികൾ നടപ്പാക്കാൻ പാടുള്ളൂ. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരം അധികമായി ചെലവഴിച്ച 52949/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-3 പ്രവേശനോത്സവം- അപാകതകൾ - 11720/- നിരാകരിക്കുന്നു

പദ്ധതി - 97/19 പ്രവേശനോത്സവം(പഠന കിറ്റ് നൽകൽ)

പദ്ധതി അടങ്കൽ-160000/-(തനത് ഫണ്ട് )

പദ്ധതി ചെലവ് -157969/-(തനത് ഫണ്ട് )

തനത് ഫണ്ട് ചെക്ക് നമ്പർ -2287108 /28.3.2019

നിർവ്വഹണം – എച്ച്.എം

വൗച്ചർ നമ്പർ -21801354 /29.3.19

പദ്ധതി പ്രകാരം 2018-19ൽ പ്രവേശനോത്സവം നടത്തുന്ന വിദ്യാർത്ഥികൾക്കായി പഠന കിറ്റ് വാങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 157969/- രൂപ പിൻവലിച്ച് കൺസ്യൂമർ ഫെഡിന് (ത്രിവേണി) നൽകിയിട്ടുണ്ട്.

ത്രിവേണിയുടെ ഇൻവോയിസ് പ്രകാരം താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയിസ് നമ്പർ | തുക (ജി.എസ്.റ്റി ഉൾപ്പെടെ) | ഇനം | എണ്ണം |
|---|---|---|---|
| 7003/5/331 31.05.2018 | 42558 | കുട (246x173) | 173 |
| 7003/5/329 31.05.2018 | 115411 | ബാഗ്(363x260) | 260 |
| | | കുട (208x19+223x24+220x6+283x1+209x2+281x5+258x3+278x26+299x1) | 87 |

ഇപ്രകാരം തനത് ഫണ്ടുപയോഗിച്ച് ത്രിവേണിയിൽ നിന്നും 260 ബാഗ്, 260 കുട എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 240 എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്കിലെ നീക്കിയിരിപ്പ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ( പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ 2018-19 വർഷം ഒന്നാം ക്ലാസ്സിലേക്ക് പ്രവേശനം ലഭിച്ച കുട്ടികളുടെ രേഖകൾ പരിശോധിച്ചത് പ്രകാരം 2018-19 സാമ്പത്തിക വർഷം 240 കുട്ടികളാണ് ഒന്നാം ക്ലാസിലേക്ക് പ്രവേശനം നേടിയിട്ടുള്ളത്. ). പദ്ധതി പണം ഉപയോഗിച്ച് വാങ്ങിയ ബാക്കി പഠനോപകരണങ്ങൾ (20 കുട,20 ബാഗ്എന്നിവ) സ്റ്റോക്കിൽ ഇല്ല. ഇവയുടെ വിനിയോഗം എപ്രകാരമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ഒഴികെ ഉള്ളവർക്ക് സ്കൂൾ ബാഗ്, കുട എന്നീ ആനുകൂല്യം നൽകാൻ പാടില്ല. (അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾ 24,49 ,52 എന്നിവ നൽകിയിട്ടുണ്ട്.) അധികമായി വാങ്ങിയതും സ്റ്റോക്കിലെടുക്കാത്തതുമായ 20 ബാഗുകളുടെയും 20 കുടകളുടെയും തുകയായ 11720/- (223x20+363x20) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ മാർഗ്ഗരേഖയ്ക്ക് അനുസരിച്ച് മാത്രം പദ്ധതി നിർവ്വഹിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 23.07.2019 മുതൽ 26.07.2019 വരെ | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1411/2019 തീയതി 19.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50700 | കേദാരം | 50700 | 0 |
| | 2018-19 | 400000 | ക്ഷീരസമൃദ്ധി | 400000 | |
| | 2018-19 | 1934460 | ലൈഫ് ഭവനം (ജനറൽ) | 1927400 | 7060 |
| | 2018-19 | 1335254 | ലൈഫ് ഭവനം (പട്ടിക ജാതി) | 1335254 | 0 |
| | 2018-19 | 352000 | കിണർ റീചാർജ്ജ് | 16000 | 336000 |
| | 2018-19 | 676875 | സ്നേഹ സ്പർശം | 582000 | 94875 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 280000 | ഹരിത ഭവനം | 246248 | 33758 |
| | 2018-19 | 19440 | കിണർ റീചാർജ്ജ് | 14801 | 4639 |
| | 2018-19 | 76500 | കേദാരം | 76500 | 0 |
| | 2018-19 | 3450483 | ലൈഫ് ഭവനം (ജനറൽ) | 3348980 | 101503 |
| | 2018-19 | 745069 | ലൈഫ് ഭവനം (പട്ടിക ജാതി) | 745069 | 0 |
| | 2018-19 | 676875 | സ്നേഹ സ്പർശം | 301000 | 375875 |
| | 2018-19 | 150000 | ക്ഷീര സമൃദ്ധി | 150000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻക്കൂർ നൽകിയ തുക (2018-19) | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പ്രോജക്ട് നം. 56<br>എസ്.സി കോളനികളിൽ കുടിവെള്ള പദ്ധതി | 10,00,000 | - | 2150000 |
| GWD | കുടിവെള്ള പദ്ധതി | 0 | | 24500 |

1. KWA 2017-18 വരെ മുൻകൂർ നൽകിയിരിക്കുന്നത് 1,15,00,00/-

2. GWD 2013-14 സാമ്പത്തിക വർഷം നൽകിയ തുകയാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാ) നം 207/2010 ത.സ്വ.ഭ.വ. തീ. 20.01.2010 | 19038000 | 3807600 | 1903800 | | 1903800 |
| കെ.യു.ആർ.ഡി.എഫ്.സി | സ.ഉ.(കൈ) നം. 90/2019/ ത.സ്വ.ഭ.വ./ തീ.16.07.2019 | 31048220 | 31048220 | 0 | | 31048220 |

•

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

**ഇല്ല.***

*RP 10 പ്രകാരമുള്ള 18322/- രൂപയിൽ 18263/- രൂപ ജനറേറ്റർ വാങ്ങിയ ഇനത്തിൽ ചെലവായതും 59/ രൂപ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് അടവാക്കിയതുമാണ്.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശങ്ങളില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല.**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല.**

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 149122177 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 112562892 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 220083 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2852826 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 155414/- | ശ്രീ. റഫീഖ്.ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 3-2 | 52949/- | ശ്രീമതി ജയകുമാരി.എൽ,<br>അസി.എൻജിനീയർ |
| 3-3 | 11720/- | ശ്രീ. ഷറഫുദ്ദീൻ. ഇ, എച്ച്.എം, |
| **ആകെ** | **220083/-** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 43,700/- | ശ്രീ. റഫീഖ്.ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 1-24 | 11,94,000/- | ശ്രീ. റഫീഖ്.ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 1-27 | 835825/- | ശ്രീ. റഫീഖ്.ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 1-31 | 2,62,500/- | ഡോ.ബോബി.എസ്.മാനുവേൽ |
| 1-32 | 210000/- | ഡോ.ബോബി.എസ്.മാനുവേൽ |
| 1-35 | 26801/- | ശ്രീ.രഞ്ജിത് രാജ്, കൃഷി ഓഫീസർ |
| 1-43 | 280000/- | ശ്രീ. ഷറഫുദ്ദീൻ. ഇ, എച്ച്.എം |
| **ആകെ** | **2852826/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയകുമാരി.എൽ,<br>അസി.എൻജിനീയർ | അസി.എൻജിനീയർ, വെമ്പായം ഗ്രാമ പഞ്ചായത്ത് | ശ്രീനന്ദനം, അവനവൻചേരി പിഒ.,<br>ആറ്റിങ്ങൽ. |
| ശ്രീ. ഷറഫുദ്ദീൻ. ഇ | എച്ച്.എം, ചീരാണിക്കര എൽ.പി.എസ് | എസ്.എസ്.ഹൗസ്, കുന്നന്താങ്കോണം, ചെമ്പൂർ, മുദാക്കൽ. |

| | | |
|---|---|---|
| ശ്രീ. റഫീഖ് .ബി | സെക്രട്ടറി, വെമ്പായം ഗ്രാമപഞ്ചായത്ത് | അൽ ഫജർ , ഗുരുകുലം നഗർ നം.101, പേരൂർക്കട, തിരുവനന്തപുരം |
| ശ്രീ. രഞ്ജിത് രാജ്.കെ. | കൃഷി ഓഫീസർ, വെമ്പായം ഗ്രാമപഞ്ചായത്ത് | ഷാലോം, ഗാഫ് ഹിൽ, ശ്രീകാര്യം, തിരുവനന്തപുരം |
| ഡോ.ബോബി.എസ്.മാനവേൽ | വെറ്ററിനറി സർജൻ, | റ്റി.സി 5/2502 BNRA/190, ഗോൾഫ് ലിംഗ്സ് റോഡ്, കവടിയാർ,തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 4 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 5 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 12 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 10 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 10 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 7 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 10 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 11 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 10 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 7 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/947/2018 തീ.31.05.18 | 28 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/190/19 തീ.10.04.19 | 22 | |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

എസ്.8/6/20

# <u>അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **വെമ്പായം ഗ്രാമ പഞ്ചായത്തിന്റെ 2018-19** -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**

എസ്.8/6/20